©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

## (SOCIAL SERVICES)

**ആനുകാലിക റിപ്പോർട്ട്**

(2023 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2023 സെപ്റ്റംബർ 11-ാം തീയതി സമർപ്പിച്ചത്

(Presented on 11th September, 2023)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2023

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

**ആനുകാലിക റിപ്പോർട്ട്**

(2023 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

948/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 13 |

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)
# (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. കെ. രാധാകൃഷ്ണൻ,
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ, ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി,

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി,

ശ്രീ. വിജയ് അമൃത്‌രാജ് എ., ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി (2021-23) 2021 ജൂൺ 7-ാം തീയതി രൂപീകൃതമായി. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവിൽ സമിതി 12-04-2022, 19-04-2022, 26-04-2022, 22-06-2022, 09-11-2022, 15-02-2023, 17-02-2023, 22-02-2023 എന്നീ തീയതികളിലായി 8 യോഗങ്ങൾ ചേർന്നു. ഇതിൽ നാല് യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 6 യോഗങ്ങൾ എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2023 ആഗസ്റ്റ് 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. രാധാകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 11.

# പിരിയോഡിക്കൽ റിപ്പോർട്ട്

## അദ്ധ്യായം I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2022 ഏപ്രിൽ 26-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2022 ജൂൺ 22-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2022 ജൂലൈ 13-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3) 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ആനുകാലിക റിപ്പോർട്ട് 2022 ജൂൺ 22-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2022 ജൂലൈ 13-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 22-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ ബില്ലുകളൊന്നും സമിതിയുടെ പരിഗണനയ്ക്ക് ലഭിച്ചിട്ടില്ല.

## അദ്ധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ സംബന്ധിച്ച വിശദാംശങ്ങൾ

കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചട്ടങ്ങൾ എസ്. ആർ. ഒ നമ്പർ 612/2022 പ്രകാരം 2022 മേയ് 18-ന് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ച നടപടി 9-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

### നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ 235 (എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം V

### നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | റിപ്പോർട്ട് കാലയളവ് | ധനാഭ്യർഥന നമ്പർ | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 2018-19 | XLVI | വനിതാശിശുവികസനം | 20-7-2022 |
| 2 | 2020-21 | XXV | പട്ടികജാതി വികസനം | 20-7-2022 |
| 3 | | XLVI | വനിതാശിശുവികസനം | 6-12-2022 |
| 4 | 2021-22 | XLVI | സൈനികക്ഷേമം | 20-7-2022 |
| 5 | | XLVI | ആഭ്യന്തരം | 28-6-2022 |
| 6 | | XLVI | പൊതുഭരണ (എഫ്.എഫ്. പി.ബി) | 1-9-2022 |

## അദ്ധ്യായം VI

(എ) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം.

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ നടപ്പു വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും, അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

**2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

(ഫയൽ നം. 4411/സബ്.സി.ജി2/2016/നി.സെ)

**ശിപാർശ (ഖണ്ഡിക നം. 7)**

2225-80-800-99—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും- സ്കോളർഷിപ്പുകളും

മുന്നാക്ക സമുദായത്തിൽപ്പെട്ട വിദ്യാർഥികളുടെയും കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള വിദ്യാർഥികളുടെയും 2016-17 അധ്യയന വർഷത്തെ ആനുകൂല്യം വിതരണം ചെയ്യുന്നതിനും 2015-16 സാമ്പത്തിക വർഷത്തെ ആനുകൂല്യത്തിന്റെ കുടിശ്ശിക വിതരണം ചെയ്യുന്നതിനും വിദ്യാർഥികളുടെയും കോഴ്സുകളുടെയും എണ്ണത്തിൽ ഉണ്ടാകുന്ന ആനുപാതിക വർധനയുടെ പുറമെ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2016-17 വർഷം മുതലുള്ള FV/KPCR വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പിനത്തിൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുക വിതരണം ചെയ്യുന്നതിനായി നടപ്പു സാമ്പത്തിക വർഷം അധിക ധനാഭ്യർഥന പ്രകാരം 85.33 കോടി രൂപ അനുവദിക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് ബഡ്ജറ്റ് വിഹിതത്തിന് പുറമെ 15 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന പട്ടികജാതി വികസന വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. 27-10-2021-ലെ പജപവ.എ 2/159/2021/പ.ജ.പ.വ.വി.വ)

(പ്രസ്തുത ഖണ്ഡികയിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച് പട്ടികജാതി-പട്ടികവർഗ്ഗവികസനവകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 16-3-2022-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 9-11-2022-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം. 3334/സബ്.സി.ജി2/2019/നി.സെ)

### ശിപാർശ (ഖണ്ഡിക നം. 7)

2225-02-277-94-34-3—ഗിരിവർഗ്ഗ ഹോസ്റ്റൽ- മറ്റു ചെലവുകൾ-മറ്റിനം

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 106 പ്രീമെട്രിക് ഹോസ്റ്റലുകളാണ് നിലവിലുള്ളത് പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ ദൈനംദിന ആഹാര ചെലവുകൾ, യൂണിഫോം, മറ്റ് ദൈനംദിന ചെലവുകൾ/ആകസ്മിക ചെലവുകൾ എന്നീ ആവശ്യങ്ങൾക്കായി നടപ്പ് വർഷം 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഹോസ്റ്റലുകളിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കേണ്ടിവരുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമാവുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 106 പ്രീമെട്രിക് ഹോസ്റ്റലുകളാണ് ഉണ്ടായിരുന്നത്. എന്നാൽ വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ എണ്ണം കുറവും കെട്ടിടത്തിന്റെ കാലപ്പഴക്കവും കാരണം പ്രസ്തുത പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം നിർത്തുകയുണ്ടായി.

2019-20 സാമ്പത്തികവർഷം 2225-02-277-94-34-3-ഗിരിവർഗ്ഗ ഹോസ്റ്റൽ - മറ്റു ചെലവുകൾ-മറ്റിനം (നോൺ പ്ലാൻ) ശീർഷകത്തിൽ 12,60,00,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒരു കോടി രൂപ അധികാനുമതിയിലൂടെ ലഭിച്ചിരുന്നു. ആകെ ലഭ്യമായ 13.60 കോടി രൂപയിൽ 12.59 കോടി രൂപ ചെലവഴിച്ചു. സാമ്പത്തികവർഷാവസാനം സാമ്പത്തിക നിയന്ത്രണങ്ങളുള്ളതിനാൽ അധികമായി ലഭിച്ച ഫണ്ട് ചെലവഴിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നം. 30-12-2021-ലെ 352/പി.എം1/2019/പ.ജ.പ.വ.വി.വ)

### ശിപാർശ (ഖണ്ഡിക നം. 8)

2225-02-282-91—പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ രക്ഷ

പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് യഥാസമയം ചികിത്സ ലഭിക്കുന്നതിനായി ജില്ലാ താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, സഹകരണ മെഡിക്കൽ കോളേജുകൾ,

പട്ടികവർഗ്ഗ മേഖലയിൽപ്പെട്ട സർക്കാർ ആശുപത്രികൾ എന്നിവയ്ക്കായുള്ള ഫണ്ട് ഈ ശീർഷകത്തിൽ നിന്നും അനുവദിച്ചു നൽകുന്നു. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ചികിത്സ നൽകിയ ഇനത്തിൽ 2018-19 സാമ്പത്തിക വർഷം ആശുപത്രികൾക്ക് 7 കോടി രൂപ അനുവദിച്ച് നൽകുവാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 7 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ടി തുക ഉപയോഗിച്ചുകൊണ്ട് തന്നെ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നു. ആയതിനാൽ അധിക ഫണ്ട് ആവശ്യമായി വരുന്നില്ല. ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 25 കോടി രൂപയിൽ 16.71 കോടി രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നം. 30-12-2021-ലെ 352/പി.എം1/2019/പ.ജ.പ.വ.വി.വ)

**ശിപാർശ (ഖണ്ഡിക നം. 9)**

2225-02-283-89—ഭവന രഹിതർക്ക് ഭവനം

ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത 2916 വീടുകളുടെ പൂർത്തീകരണത്തിനായി 40 കോടി രൂപയും 2016-17 വർഷം വകുപ്പ് മുഖേന അനുവദിച്ച വീടുകളുടെ തുടർ ഗഡുക്കൾ അനുവദിക്കുന്നതിനും, ഭവന പുനരുദ്ധാരണത്തിനുമായി 60 കോടി രൂപ ഉൾപ്പെടെ 100 കോടി രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 42.80 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 57.2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. സമിതിയുടെ ശിപാർശ പ്രകാരം 30 കോടി രൂപ ധനപുനർവിനിയോഗം വഴി ലഭിച്ചിരുന്നു. ആകെ ലഭ്യമായ 87,20,00,000 രൂപയിൽ 76,09,91,071 രൂപ ചെലവഴിച്ചു. സാമ്പത്തിക നിയന്ത്രണങ്ങൾ ഉള്ളതിനാൽ തുക പൂർണ്ണമായും ചെലവഴിക്കുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നം. 30-12-2021-ലെ 352/പി.എം1/2019/പ.ജ.പ.വ.വി.വ)

**ശിപാർശ (ഖണ്ഡിക നം. 11)**

2225-80-800-96-31—കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ-സഹായധനം-ശമ്പളം

കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ 2.1983 കോടി രൂപയാണ് 2019-20 വർഷത്തെ ചെലവായി കണക്കാക്കിയിട്ടുള്ളത്. എന്നാൽ 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 1.2530 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 94.53 ലക്ഷം രൂപ കൂടി അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

27-11-2019-ലെ സ.ഉ (സാധാ) 9319/2019/ധന നമ്പർ ഉത്തരവ് പ്രകാരം 2019-20 സാമ്പത്തിക വർഷം കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ 95 ലക്ഷം രൂപ അധികമായി വകയിരുത്തി ഉത്തരവായിട്ടുള്ളതും 2-12-2019-ലെ സ. ഉ (സാധാ) 1326/2019/ പ.ജ.പ.വ.വി.വ നമ്പർ ഉത്തരവ് പ്രകാരം വിതരണാനുമതി നൽകിയിട്ടുള്ളതുമാകുന്നു.

(സർക്കാർ കത്ത് നം.15-1-2022-ലെ 22/81/2021/പ.ജ.പ.വ.വി.വ)

(7,8,9,11 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 16-3-2022 - ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 9-11-2022-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ (ഖണ്ഡിക നം. 17)**

2235-02-101-69(01)—എം.എം.ആർ വാക്സിനേഷൻ

സംസ്ഥാനത്തെ എല്ലാ ശിശുക്കൾക്കും സർക്കാർ ആശുപത്രികൾ മുഖേന എം.എം.ആർ. വാക്സിനേഷൻ നൽകുന്നതിന് ശരാശരി 3.5 ലക്ഷം MMR വാക്സിനുകൾ ഒരു വർഷം ആവശ്യമായി വരുന്നു. എന്നാൽ ഒരു വാക്സിന് 128 രൂപ നിരക്കിൽ 3.5 ലക്ഷം വാക്സിന് 4.4 കോടി രൂപ ആവശ്യമാണ്. ഈ പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 2.75 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കി വന്നിരുന്ന എം.എം.ആർ വാക്സിനേഷൻ പദ്ധതി ഇപ്പോൾ ദേശീയ രോഗപ്രതിരോധപദ്ധതിയിലൂടെ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നു. നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച് ആരോഗ്യ വകുപ്പിനെ എൽപ്പിക്കുന്നതിനു വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനമായിട്ടുണ്ട്. ആയതിനാൽ അധിക തുക ആവശ്യമില്ല.

(സർക്കാർ കത്ത് നം. 23-4-2022-ലെ ബി2/5/2022 സാനീവ)

**ശിപാർശ (ഖണ്ഡിക നം. 18)**

2235-02-101-69 -(04)—<u>യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്</u>

സർക്കാർ നടപ്പാക്കുന്ന 'വൈകല്യ' പരിപാടിയുമായി ബന്ധപ്പെട്ട് OAE കൾ വാങ്ങുന്നതിനും സംരക്ഷിക്കുന്നതിനും മൊബൈൽ ഇന്റർവെൻഷൻ യൂണിലേറ്റിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും, മറ്റ് ചെലവുകൾക്കും JPHN-മാരുടെ ഹോണറേറിയത്തിൽ വന്ന വർദ്ധനവ് നൽകുന്നതിനും ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 23-4-2022-ലെ ബി2/5/2022 സാനീവ)

**ശിപാർശ (ഖണ്ഡിക നം. 24)**

2235-02-101-89—<u>വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം</u>

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസ ഗ്രാന്റ് 1000 രൂപയിൽ നിന്ന് 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിൽ ഗ്രാന്റ് നൽകുന്നതിനും മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ 32.548 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 23-4-2022-ലെ ബി2/5/2022 സാനീവ)

**ശിപാർശ (ഖണ്ഡിക നം. 29)**

2235-02-190-98—<u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

കോർപ്പറേഷന്റെ ഭരണ ചെലവുകൾക്കായി പ്രതിവർഷം ഏകദേശം 150 ലക്ഷം രൂപ ആവശ്യമായതിനാൽ 70 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ ഈ ശീർഷകത്തിലെ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 23-4-2022-ലെ ബി2/5/2022 സാനീവ)

**ശിപാർശ (ഖണ്ഡിക നം. 30)**

4235-02-101-99—<u>ബാരിയർ ഫ്രീ കേരള സ്കീം</u>

ബാരിയർ ഫ്രീ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 3 ജില്ലകളിലെ (കണ്ണൂർ, മലപ്പുറം, വയനാട്) സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2005-ലെ WP(C)243-ന് മേൽ ബഹു.സുപ്രീം കോടതിയുടെ 15-12-2017 തീയതിയിലെ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള G.O(Rt) No. 54/2019/SJD, തീയതി 30-1-2019 പ്രകാരം അടുത്ത 3 വർഷം കൊണ്ട് സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ ജില്ലാ ആസ്ഥാനങ്ങളിലുള്ള എല്ലാ പൊതു കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നിർദ്ദേശമുണ്ട്. ഈ സാഹചര്യത്തിൽ ഘട്ടം ഘട്ടമായി 3 വർഷം കൊണ്ട് എല്ലാ ജില്ലകളിലേയും പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി പ്രാരംഭ ഘട്ടത്തിൽ (2019-2020) 11 ജില്ലകൾക്ക് 150 ലക്ഷം രൂപ ക്രമത്തിൽ ആകെ 1650 ലക്ഷം രൂപ നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ 3.70 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 23-4-2022-ലെ ബി2/5/2022 സാനീവ)

(17, 18, 24, 29, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 28-6-2022 - ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 9-11-2022-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ (ഖണ്ഡിക നം. 31)**

2235-02-001-90—<u>വനിതാ ശിശുവികസന ഡയറക്ടറാഫീസ്</u>

വനിതാ ശിശുവികസന വകുപ്പിനു കീഴിൽ ജില്ലാതലത്തിൽ ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ളതിനാൽ ഈ ഓഫീസുകളിൽ 14 ജില്ലകളിലുമായി 14 ജില്ലാ ഓഫീസർമാർ, 70 ക്ലാർക്ക്, 14 ഡ്രൈവർ എന്നിവർക്കുള്ള ശമ്പള ചെലവുകൾക്കായി അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3.9703 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധിക തുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നം. 31-8-2021-ലെ വശിവിവ-എ 1/18/2021-വശിവിവ)

**ശിപാർശ (ഖണ്ഡിക നം. 32)**

2235-02-001-89—<u>വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി വകുപ്പ് ഓഫീസുകൾ, സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തൽ</u>

പുതുതായി രൂപീകരിച്ചിട്ടുള്ള ജില്ലാതല വനിതാശിശുവികസന ഓഫീസുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി അധികതുക ആവശ്യമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധിക തുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നം. 31-8-2021-ലെ വശിവിവ-എ 1/18/2021-വശിവിവ)

**ശിപാർശ (ഖണ്ഡിക നം. 33)**

2235-02-001-88—<u>ഡിപ്പാർട്ട്മെന്റൽ ആഫീസർമാർക്കുള്ള ഇൻ സർവീസ് ട്രെയിനിംഗ്</u>

മൊഡ്യൂൾ പ്രിപ്പറേഷൻ, അപ്പെക്സ് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കുവേണ്ടി അധിക തുക ആവശ്യമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധിക തുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നം. 31-8-2021-ലെ വശിവിവ-എ 1/18/2021-വശിവിവ)

**ശിപാർശ (ഖണ്ഡിക നം. 35)**

2235-02-102-53—<u>ചൈൽഡ് റൈറ്റ്സ് കമ്മീഷൻ</u>

ചൈൽഡ് റൈറ്റ്സ് കമ്മീഷന്റെ പ്ലാൻ ശീർഷകത്തിലെ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് നിലവിലെ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ പ്ലാൻ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷം ബാലാവകാശ കമ്മീഷന് പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 150 ലക്ഷം രൂപയിൽ 129 ലക്ഷം രൂപ മാത്രം ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധിക തുക അനുവദിക്കേണ്ട സാഹചര്യമുണ്ടായില്ല.

(സർക്കാർ കത്ത് നം. 30-9-2021-ലെ എ 2/25/2021-വശിവിവ)

**ശിപാർശ (ഖണ്ഡിക നം. 36)**

2235-02-102-44—<u>ഐ.സി.ഡി.എസ് പരിശീലന പരിപാടി (60% CSS)</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ അംഗൻവാടി ട്രെയിനിംഗ് പ്രോഗ്രാമിനായി 2016-17 മുതൽ കേന്ദ്രവിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ അംഗൻവാടി പ്രവർത്തകർക്ക് അനിവാര്യമായ ഈ ട്രെയിനിംഗ് പ്രോഗ്രാമിനായി സംസ്ഥാന വിഹിതത്തിൽ നിന്നും ചെലവഴിക്കാനായി അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ 2019-20 സാമ്പത്തിക വർഷം ട്രെയിനിംഗ് നടത്തുന്നതിനായി ഈ ശീർഷകത്തിൽ 6.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോവിഡ് മഹാമാരിമൂലം 2020 മാർച്ച് മാസം മുതൽ നേരിട്ടുള്ള ട്രെയിനിംഗ് നടത്താൻ സാധിക്കാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഐ.സി.ഡി.എസ് ട്രെയിനിംഗ് പ്രോഗ്രാമിനായി 2235-02-102-44(പി) ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 3 കോടി രൂപയിൽ 2018-19 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക ഇനത്തിൽ നൽകാനുള്ള 1,10,12,333 കോടി രൂപ ഉൾപ്പെടെ 1,13,30,523 രൂപ മാത്രമേ വിനിയോഗിച്ചിരുന്നുള്ളൂ. പ്രസ്തുത സാഹചര്യത്തിൽ 2235-02-102-44(പി) ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 6-9-2021-ലെ വശിവിവ ബി1/46/2021 വശിവിവ)

**ശിപാർശ (ഖണ്ഡിക നം. 39)**

2235-02-103-77—<u>വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ധനസഹായം</u>

വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം നൽകുന്നതിന് 2018-19 വർഷം 40 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയതു പ്രകാരം അപേക്ഷകൾ സ്വീകരിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ അപേക്ഷകരുടെ എണ്ണം കൂടുതൽ ഉള്ളതിനാൽ എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 2019-20 സാമ്പത്തിക വർഷം ഒരു ജില്ലയ്ക്ക് 10 ലക്ഷം രൂപ ക്രമത്തിൽ ആകെ 1.40 കോടി രൂപ ആവശ്യമുള്ളതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 1 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ച് നൽകിയിട്ടില്ല.

(സർക്കാർ കത്ത് നം. 1-9-2021-ലെ വശിവിവ-എ 3/36/2021-വശിവിവ)

(31,32,33,35,36,39 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച് വനിതാശിശു വികസന വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 16-3-2022-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 9-11-2022-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

<u>അദ്ധ്യായം-VII</u>

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ**

റിപ്പോർട്ട് കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

കെ. രാധാകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം
2023 ആഗസ്റ്റ് 10.

**അനുബന്ധം**

## 12-4-2022 -ലെ യോഗനടപടിക്കുറിപ്പ്

പതിനഞ്ചാം കേരളനിയമസഭയുടെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2022 എപ്രിൽ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 4 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ആൻസലൻ, എം. എൽ. എ
2. ശ്രീ. രമേശ് ചെന്നിത്തല, എം. എൽ. എ
3. ശ്രീമതി ശാന്തകുമാരി കെ., എം. എൽ. എ

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ

1. ശ്രീ ഒ. ആർ. കേളു, എം. എൽ. എ
2. ശ്രീ.യു. എ ലത്തീഫ്, എം. എൽ. എ
3. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ

1 ശ്രീ. എം. ജി രാജമാണിക്യം, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

2 ശ്രീമതി അനുപമ ടി. വി. ഡയറക്ടർ, പട്ടികവർഗ്ഗവികസന വകുപ്പ്

3 ശ്രീ. ദേവീദാസ് എൻ, ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

4 ഡോ. ബിന്ദു എസ്. ഡയറക്ടർ, കിർത്താഡ്സ്, കോഴിക്കോട്

5 ശ്രീമതി ശ്രീജ സി.എസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

6 ശ്രീമതി ലത എസ്. അഡീഷണൽ സെക്രട്ടറി, പിന്നാക്കവിഭാഗ വികസന വകുപ്പ്

7 ശ്രീമതി സ്വപ്ന എം. ജോയിന്റ് സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്

8 ശ്രീ. വി. സുശീൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

9 ശ്രീ. വി. സജീവ്, അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

10 ശ്രീ. ജി സിദ്ധാർത്ഥൻ, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന ഡയറക്ടറേറ്റ്

11 ശ്രീ. പ്രസാദ് ആർ, ഫിനാൻസ് ഓഫീസർ, പിന്നാക്ക വിഭാഗ വികസന ഡയറക്ടറേറ്റ്

12 ശ്രീ. പ്രദീപ് ടി. പി, ഫിനാൻസ് ഓഫീസർ, പട്ടികജാതി വികസന വകുപ്പ്.

സമിതി 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയിന്മേൽ വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

**പട്ടികജാതി വികസന വകുപ്പ്**

2225-01-102-97—പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

വാർഷിക വരുമാനം 1,00,000 രൂപ വരെയുള്ള പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ മാതാപിതാക്കളെ സഹായിക്കുന്നതിനു വേണ്ടി ഓരോ കുടുംബത്തിനും 75,000/- രൂപ സാമ്പത്തിക സഹായം നൽകി വന്നിരുന്ന പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായ തുക 1,25,000 രൂപയായി വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം വന്നിട്ടുള്ളതിനാൽ വർദ്ധിപ്പിച്ച നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ടി ഇനത്തിൽ പതിനായിരത്തോളം അപേക്ഷകൾ നടപ്പു സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 41.61 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-01-277-54—പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ

പാലക്കാട് മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും മറ്റ് ഭരണപരമായ ചെലവുകൾക്കും ആവശ്യമായ തുക പ്ലാൻ ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ചുവരുന്ന തെന്നും ടി തുക നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതുണ്ടെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 70.849 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-01-282-96—ആരോഗ്യസംരക്ഷണ പദ്ധതി

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരിൽ അർഹതപ്പെട്ട രോഗികൾക്ക് ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലമുള്ള ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-01-283-89—ഭവനരഹിതർക്ക് ഭവനം

പഠനമുറി നിർമ്മാണം, ഭവന പൂർത്തീകരണം, സ്പിൽ ഓവർ വീടുകളുടെ നിർമാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-01-800-86—1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം

(50% കേന്ദ്രസഹായം)

മിശ്രവിവാഹ ധനസഹായവും അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസ ധനസഹായവും ഫണ്ടിന്റെ അപര്യാപ്തത കാരണം യഥാസമയം വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ഉള്ളതായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഗുണഭോക്താക്കൾക്ക് യഥാസമയം ധനസഹായം അനുവദിക്കേണ്ട സാമൂഹ്യ പ്രാധാന്യം കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-800-99-12—<u>മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും.</u>

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇതര വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാൻറ്, സ്റ്റൈപ്പൻഡ്, ഫീസ് സൗജന്യം എന്നിവ നൽകുന്നതിനുമാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നതെന്നും പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനായുള്ള വരുമാന പരിധി 2014 മുതൽ 42000 രൂപയിൽ നിന്നും 1,00,000 രൂപയായി ഉയർത്തിയതിനെത്തുടർന്ന് വർദ്ധിച്ച അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. മുൻവർഷങ്ങളിലെ കുടിശ്ശിക തീർത്ത് ആനുകൂല്യം വിതരണം ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-102-94—<u>പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം</u>

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് നൽകി വരുന്ന വിവാഹ ധനസഹായം നിലവിലുള്ള 1 ലക്ഷം രൂപയിൽ നിന്നും 1.5 ലക്ഷമായും മാതാപിതാക്കൾ നഷ്ടപ്പെട്ട പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് നൽകി വരുന്ന 1.5 ലക്ഷം രൂപ ധനസഹായം 2 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്നതിന് ബഡ്ജറ്റ് പ്രഖ്യാപനം വന്നിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള തുക വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-277-40(1)—<u>വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവും ധനസഹായവും - അതിസമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഇൻസെന്റീവ്</u>

അക്കാദമിക് തലങ്ങളിലും മറ്റും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡ്/ സ്വർണ്ണ മെഡൽ പാരിതോഷികമായി നൽകുന്ന ഈ പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം മുതൽ സാക്ഷരതാ മിഷൻ വഴി നടത്തുന്ന തുല്യതാ പരീക്ഷയിൽ വിജയികളാകുന്ന

പഠിതാക്കൾക്ക് കൂടി പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം-റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ടി പദ്ധതി പ്രകാരം മിശ്രവിവാഹ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള മുഴുവൻ പേർക്കും ധനസഹായം അനുവദിക്കുന്നതിലേക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.87 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

സംസ്ഥാനത്തെ പത്താംക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും അനുവദിച്ച് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**കിർത്താഡ്സ്**

2225-02-800-56—ആദികലാ ഗ്രാമം

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമായ ആദികലാ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-001-95—(കിർത്താഡ്സ്) ഗവേഷണവും പരിശീലനവും

ഭരണാനുമതി ലഭിക്കാൻ താമസിച്ചതുമൂലം കിർത്താഡ്സിന്റെ 2021-22 സാമ്പത്തിക വർഷത്തെ 25 ലക്ഷം രൂപയുടെ പ്രോജക്ടുകൾ പൂർത്തിയാക്കാൻ സാധിക്കാതെ വന്നതിനാൽ ആയത് ഇ-ലാംസിൽ ഉൾപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4225-02-800-91—കോഴിക്കോട് ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മെമ്മോറിയൽ മ്യൂസിയം സ്ഥാപിക്കൽ

ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-04-1—കേരള സംസ്ഥാന പണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2225-80-001-99-05-4—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

കിർത്താഡ്സിന്റെ ക്യാമ്പസ്, കെട്ടിടങ്ങൾ എന്നിവ വൃത്തിയാക്കൽ, അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റൽ, കമ്പ്യൂട്ടർ, പഞ്ചിംഗ് സിസ്റ്റം, ഇന്റർകോം, യു.പി.എസ് എന്നിവയ്ക്ക് എ.എം.സി എടുക്കൽ, ഫോട്ടോസ്റ്റാറ്റ് ലേസർ പ്രിന്റർ എന്നിവയുടെ ടോണർ മാറ്റൽ, മറ്റ് അടിയന്തര ഓഫീസ് ചെലവുകൾ തുടങ്ങിയവ നിർവ്വഹിക്കുന്നതിന് നാമമാത്രമായ തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് എന്നതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

കിർത്താഡ്സിന്റെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമുള്ള ചെലവുകൾ വഹിക്കുന്നതിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.78 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2225-80-001-99-45—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -പി.ഒ.എൽ

വിവിധ പരിശീലന പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിക്കുന്നത് മൂലമുള്ള ഇന്ധനചെലവ് വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-26—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ഔദ്യോഗിക ഭാഷാ പ്രയോഗം

ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനും ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-99—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വിവരസാങ്കേതിക വിദ്യ

വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും, സോഫ്റ്റ്‌വെയറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

2225-03-001-98—ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും

വകുപ്പിന് കീഴിൽ കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ പുതുതായി ആരംഭിച്ചിട്ടുള്ള മേഖലാ ഓഫീസുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും വാഹന വാടകയ്ക്കുമായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-03-102-99—പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ഓട്ടോമൊബൈൽ തൊഴിൽ പരിശീലനം

ഓട്ടോമൊബൈൽ മേഖലയിൽ മാത്രം ആനുകൂല്യം അനുവദിച്ചുവരുന്ന പ്രസ്തുത പദ്ധതി ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി രംഗങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-03-102-94—കുംഭാര കോളനികളുടെ വികസനം

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പുസാമ്പത്തിക വർഷം പരമാവധി 3.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-03-277-99-12—മെട്രിക്കുലേഷനു ശേഷമുള്ള പഠനങ്ങൾ -സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെയും തിരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥി കൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനും എസ്.ഇ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ ആനുകൂല്യം അനുവദിക്കുന്ന പ്രസ്തുത പദ്ധതിയിൽ കെ.പി.സി.ആർ പ്രകാരമുള്ള വിദ്യാഭ്യാസാനു കൂല്യത്തിന്റെ നിരക്ക് നിലവിലെ നിരക്കിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാലും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്കുകളിൽ വലിയ വർദ്ധനവുണ്ടായിട്ടുള്ള സാഹചര്യത്തിലും ഈ ശിർഷകത്തിൽ 250 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-03-277-90 —എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം/ ട്രെയിനിംഗ്

പിന്നാക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ് സർവ്വീസ്, സിവിൽ സർവ്വീസസ് UGC/JRF/NET, GATE, MAT തുടങ്ങിയ മത്സരപരീക്ഷാ പരിശീലനത്തിനുള്ള

ധനസഹായം, പ്രൊഫഷണലുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ സബ്സിഡി ധനസഹായം, തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം മത്സരപരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളവരിൽ പകുതി പേർക്ക്പോലും ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2225-03-800-81—<u>ഒ.ബി.സി. യുള്ള അഡ്വക്കേറ്റ് ഗ്രാന്റ്</u>

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് ഒരു ലക്ഷം രൂപ വാർഷികവരുമാനത്തിന് വിധേയമായി 12,000 രൂപ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനും 2022-23-ലെ പ്രതീക്ഷിത അപേക്ഷകർക്ക് ആദ്യഗഡു ധനസഹായം അനുവദിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2225-03-800-99—<u>പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മിഷൻ (സഹായധനം)</u>

കമ്മിഷൻ ചെയർമാൻ, മെമ്പർമാർ, മറ്റ് ജീവനക്കാർ എന്നിവർക്ക് ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 2225-03-800-99-35-മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപയും, കമ്മീഷൻ അംഗങ്ങളുടെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് 2225-03-800-99-36- ശമ്പളേതരം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4225-03-190-99—<u>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ</u>

കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിന്മേൽ വായ്പാവിതരണം നടത്തുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും ഗുണഭോക്താക്കളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിലും ഈ ശീർഷകത്തിൽ 23.9 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4225-03-190-98—<u>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ</u>

സംസ്ഥാനത്തെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന ഈ സ്ഥാപനത്തിന് ദേശീയ ഏജൻസികളിൽ നിന്നു ലഭിക്കുന്ന തുകയ്ക്ക് 10% ആനുപാതിക വിഹിതം നൽകേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 44 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4225-03-190-97—<u>കേരള സംസ്ഥാന കളിമൺപാത്രനിർമാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ-ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ</u>

സംസ്ഥാനത്തെ പരമ്പരാഗത കളിമൺ പാത്ര നിർമാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ബജറ്റ് പ്രൊപ്പോസൽ അനുസരിച്ചുള്ള പദ്ധതി നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 5.35 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.50-ന് അവസാനിച്ചു.

# 19-4-2022 ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2022 ഏപ്രിൽ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 3 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ ബിന്ദു നേരിട്ടും ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് പ്രത്യേക ക്ഷണിതാവായി വീഡിയോ കോൺഫറൻസ് മുഖേനയും യോഗത്തിൽ പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ആൻസലൻ, എം. എൽ. എ.
2. ശ്രീ. ഒ. ആർ. കേളു, എം. എൽ. എ.
3. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.

<u>വിഡിയോ കേൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ</u>

1. ശ്രീ. യു.. എ.. ലത്തീഫ്,എം. എൽ. .എ.
2. ശ്രീമതി ശാന്താകുമാരി കെ. എ. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ

| | |
|---|---|
| 1 | ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതിയും വനിതാശിശു വികസനവും വകുപ്പ് |
| 2 | ശ്രീ. പി. അജയകുമാർ ഡി.ഐ.ജി ഓഫ് പ്രിസൺസ് (സൗത്ത് സോൺ) & ഡയറക്ടർ, എസ്.ഐ.സി.എ. |
| 3 | ശ്രീമതി അഞ്ജന എം., ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് |
| 4 | ശ്രീമതി അനുപമ ടി.വി. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ് |
| 5 | ഡോ. ചിത്ര എസ്., എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 6 | ക്യാപ്റ്റൻ വിനോദ് മാത്യു, ഡയറക്ടർ, സൈനികക്ഷേമ ബോർഡ് |
| 7 | ശ്രീ. വി. സാജൻ, ഡയറക്ടർ (ഇൻ-ചാർജ്), ട്രഷറി വകുപ്പ് |
| 8 | ശ്രീമതി. എസ്. നിഷ, അഡീഷണൽ സെക്രട്ടറി, വനിതാശിശു വികസന വകുപ്പ് |
| 9 | ശ്രീ. ഷൈൻ എ. ഹഖ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് |
| 10 | ശ്രീ. പുരുഷോത്തമൻ കെ.പി. അഡീഷണൽ സെക്രട്ടറി & രജിസ്ട്രാർ കെ.എസ്.സി.ഇ.ബി.സി.എഫ്.സി. |
| 11 | ശ്രീ. അനിൽ കുമാർ എം. , ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് |
| 12 | ശ്രീ. ആർ. സുബാഷ്, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് |
| 13 | ശ്രീമതി സുനീജാ ബീഗം എം. ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ് |
| 14 | ശ്രീമതി ജയ വി.വി. ഡെപ്യൂട്ടി സെക്രട്ടറി, സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് |
| 15 | ശ്രീമതി ബിന്ദു വി.സി. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ |
| 16 | ശ്രീ. എം. ജി. രഞ്ജിത്ത് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റീസ് |

| | |
|---|---|
| 17 | ശ്രീമതി ജലജ എസ്. അഡീഷണൽ ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടറേറ്റ് & മാനേജിംഗ് ഡയറക്ടർ (ഇൻ-ചാർജ്) വികലാംഗ ക്ഷേമ കോർപ്പറേഷൻ |
| 18 | ശ്രീ. ഷെറീഫ് പി., അസിസ്റ്റന്റ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 19 | ശ്രീമതി ആശ എസ്., മാനേജർ (പി&എഫ്) കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ |
| 20 | ശ്രീ ജോൺ സി. വർഗ്ഗീസ്, സെക്രട്ടറി, കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ ബോർഡ്. |
| 21 | ശ്രീമതി അനിത ദാമോദരൻ, സെക്രട്ടറി, കേരളസംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ |

<u>വിഡിയോ കേൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ</u>

1. ശ്രീമതി ശാരദ ജി. മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണം & പൊതുഭരണം (അഡീഷണൽ ചാർജ്) വകുപ്പ്

സമിതി 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## സാമൂഹ്യനീതി വകുപ്പ്

സാമൂഹ്യനീതി വകുപ്പിന്റെ 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ അലോക്കേഷൻ 2,35,62,00,000 രൂപയും നോൺ പ്ലാൻ അലോക്കേഷൻ 90,79,80,000 രൂപയുമാണെന്നും സാമൂഹ്യനീതി വകുപ്പിന്റെ ബഡ്ജറ്റ് അലോക്കേഷനിൽ ഡയറക്ടറേറ്റ് ഓഫ് സോഷ്യൽ ജസ്റ്റിസ്, വികലാംഗക്ഷേമ കോർപ്പറേഷൻ, നിഷ്, ഭിന്നശേഷി കമ്മീഷണറേറ്റ്, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, NIPMR എന്നിവ ഉൾപ്പെടുന്നുണ്ടെന്നും സാമൂഹ്യ നീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആമുഖമായി പറഞ്ഞു.

2235-02-101-69-(04)—<u>വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം-യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്</u>

നവജാത ശിശുക്കളുടെ കേൾവി പരിശോധനയ്ക്കായി ഉപയോഗിക്കുന്ന ഓട്ടോ അകൂസ്റ്റിക് സ്ക്രീനറുകൾ ഭൂരിഭാഗവും കേടുപാടുകൾ വന്നതും മാറ്റേണ്ടതുമാണെന്നും പുതിയ ഒ.എ.ഇ. സ്ക്രീനറുകൾ വാങ്ങുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-101-68—<u>ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി</u>

സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക് യു.ഡിഐ.ഡി. കാർഡുകൾ വിതരണം ചെയ്യുന്നതിനായി വികേന്ദ്രീകൃത ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, കൂടാതെ ഡി.എം.ഒ. തലത്തിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഒരു ഡോക്ടറും ഡേറ്റാ എൻട്രി ഓപ്പറേറ്ററും അടങ്ങുന്ന സംഘത്തെ എല്ലാ ഡി.എം.ഒ. ഓഫീസുകളിലും നിയോഗിക്കുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-101-66—<u>ഓട്ടിസം , സെറിബ്രൽ പാൾസി ബുദ്ധിമാന്ദ്യം ഭിന്ന വൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി- നിരാമയ</u>

ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം മൾട്ടിപ്പിൾ ഡിസബിലിറ്റീസ് എന്നിവ ബാധിച്ചവർക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് കവറേജ് നൽകുന്ന ഈ പദ്ധതിയിൽ അപേക്ഷകരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-101-57—വെള്ളപ്പൊക്കത്തിൽ ഇരയായവരിൽ വൈകല്യമുള്ളവർക്കുള്ള സഹായം

പ്രളയത്തിൽ സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്ത ഇനത്തിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, നിപ്മർ എന്നീ സ്ഥാപനങ്ങൾക്ക് കുടിശ്ശിക തുക നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 43.23 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72(02)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി - തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം - (ആശ്വാസ കിരണം)

തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന ടി പദ്ധതി പ്രകാരം നിലവിലെ ഗുണഭോക്താക്കൾക്ക് കുടിശ്ശിക തീർത്ത് ധനസഹായം വിതരണം ചെയ്യുന്നതിനും പുതുതായി പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 61.3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72 (06)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി -സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പരിചാരകർ

സാമൂഹ്യനീതി വകുപ്പിന്റ കീഴിലുള്ള 31 ക്ഷേമ സ്ഥാപനങ്ങളിലും അന്തേവാസികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങ ൾക്ക് ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനി യോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72 (07)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി - വയോമിത്രം.

വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസലിംഗ് എന്നിവ നൽകി ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്ന പ്രസ്തുത പദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷം മുതൽ വാതിൽപ്പടി സേവനം കൂടി ആരംഭിക്കുന്നതിന്

ഉദ്ദേശിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 9.4416 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ട്രാൻസിറ്റ് ഹോം (പുതിയ പദ്ധതി)

അനധികൃതമായി രാജ്യത്ത് പ്രവേശിച്ച വിദേശികൾക്കും ശിക്ഷ കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്ന വിദേശികൾക്കും താൽക്കാലിക താമസസൗകര്യം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ട്രാൻസിറ്റ് ഹോം എന്ന പുതിയ പദ്ധതി ആരംഭിക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നതായും ഇതിനായി നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി രേഖയിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും ബഡ്ജറ്റ് വിഹിതം ലഭിച്ചിട്ടില്ല എന്നും സാമൂഹ്യനീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. നിലവിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ നാലുപേരാണുള്ള തെന്നും വാടക കെട്ടിടത്തിലാണ് ഇവരെ പാർപ്പിച്ചിരിക്കുന്നതെന്നും ഭാവിയിൽ ഇതുപോലയുള്ള ആളുകൾ കൂടുതലായി വരാനുള്ള സാഹചര്യമാണുള്ളതെന്നും പ്രസ്തുത പദ്ധതിയിൽ രണ്ട് ട്രാൻസിറ്റ് ഹോമിനായി 3.8 കോടി രൂപയാണ് ആവശ്യപ്പെടുന്നതെന്നും സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി വിശദീകരിച്ചു. ബഡ്ജറ്റ് അലോട്ട്മെന്റ് ഇല്ലാത്തതിനാൽ സമിതിയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ പദ്ധതിയുമായി മുന്നോട്ടു പോകുവാൻ കഴിയൂ എന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു. നാട്ടിലേക്ക് തിരിച്ചയയ്ക്കുന്നതുവരെ ജയിൽ വിമുക്തരാക്കപ്പെട്ട വിദേശികളെ എല്ലാ സുരക്ഷിതത്വവും ഉറപ്പാക്കി താമസിപ്പിക്കുന്നതിന് ട്രാൻസിറ്റ് ഹോം നിർമ്മിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുകയും ട്രാൻസിറ്റ് ഹോം നിർമ്മാണത്തിനായി ഒരു പുതിയ ശീർഷകം അനുവദിച്ച് ആയതിൽ 3.8 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-68—മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്കുവേണ്ടിയുള്ള സാമൂഹ്യ മനഃശാസ്ത്ര സേവനം

പൊതു നിരത്തിൽ കാണുന്ന അനാഥരായിട്ടുള്ള മാനസിക രോഗികൾക്ക് അടിയന്തര സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ആവശ്യപ്പെടുന്ന മുഴുവൻ തുകയും അനുവദിക്കുന്നതിനും പുതിയ സൈക്കോസോഷ്യൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4235-02-102-88—<u>ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളുടെ നിർമ്മാണം</u>

കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പ്രാംരംഭ പരിശോധനയിൽ തന്നെ കണ്ടെത്താനും ഇടപെടൽ നടത്താനും ഉദ്ദേശിച്ച് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും മരാമത്ത് പണികൾക്കായി 5 സെന്ററുകൾക്കുകൂടി പണം അനുവദിക്കുവാനുള്ളതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. കഴിഞ്ഞ വർഷത്തെ അലോട്ട്മെന്റിൽ നിന്നും തുക ചെലവഴിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. ഇത് ഒരു ഡെപ്പോസിറ്റ് വർക്കാണെന്നും ഇതിന്റെ സി.സി.ഒ. പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറാണെന്നും 13 ജില്ലകളിൽ ഇതിന്റെ നിർമ്മാണം പി.ഡബ്ല്യൂ.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിനെയും ഒരെണ്ണം എൽ.എസ്.ജി.ഡി. എഞ്ചിനീയറിഗ് വിഭാഗത്തിനെയും ഏൽപ്പിച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ട ജോലികൾ ദ്രുതഗതിയിൽ നടന്നുവരികയാണെന്നും സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ നിർമ്മാണം നടന്നു വരുന്നതായും അദ്ദേഹം വിശദമാക്കി. ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-104-89-(31)—<u>അനാഥാലയ നിയന്ത്രണ ബോർഡ് -സഹായധനം-ശമ്പളം</u>

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, ബോർഡ് അംഗങ്ങൾക്കും കൗൺസിലർമാർക്കും ഓണറേറിയം എന്നിവ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 86.43 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-101-89—<u>ഭിന്നശേഷിക്കാരുടെടെ ക്ഷേമം-ഭിന്നശേഷിക്കാർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം</u>

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5493 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-104-97—<u>യാചക കേന്ദ്രങ്ങൾ</u>

യാചകകേന്ദ്രങ്ങൾ എന്ന പേര് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. സ്ഥാപനങ്ങളുടെ പേര് മാറ്റിയിട്ടുണ്ടെന്നും ഹെഡ്ഡിന്റെ പേര് മാറ്റാൻ പ്രൊപ്പോസൽ നൽകിട്ടിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

യാചകകേന്ദ്രങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാൻറ് നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 47.22 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-107-98-(36)—<u>സന്നദ്ധ സംഘടനകൾക്കുള്ള സഹായം- സന്നദ്ധ സാമൂഹ്യ ക്ഷേമ സംഘടനകൾ-സഹായധനം-ശമ്പളേതരം</u>

2022-23 സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്ക് ഗ്രാന്റ് പൂർണ്ണമായും നൽകുന്നതിന് ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി ശീർഷകങ്ങളിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.6006 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-800-98—<u>മിശ്രവിവാഹങ്ങൾ</u>

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടാത്ത മിശ്രവിവാഹിതരിൽ നിന്നും 2016 മുതൽ 2021 മാർച്ച് വരെ ലഭിച്ച 4100 അപേക്ഷകൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ധനസഹായം അനുവദിച്ചിട്ടില്ലായെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ടി അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.51 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-101-85—<u>ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്</u>

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന്റെ ഭാഗമായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സെൻട്രൽ/നോർത്ത് സോണുകളിൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ, ബൈലിംങ്ഗ്വൽ സ്കൂൾ എന്നിവ ആരംഭിക്കുന്നതിനും പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ

ചെലവുകൾക്കും, രജത ജൂബിലി പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ 9.638 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് ഭരണചെലവുകൾക്കായി ഒരു വർഷം വേണ്ടി വരുന്ന ഒന്നരകോടിയോളം രൂപ കോർപ്പറേഷന്റെ ഓൺ ഫണ്ടിൽ നിന്നാണ് വഹിക്കുന്നതെന്നും കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും ഭരണ നിർവ്വഹണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമാണെന്നും അധിക തുക അനുവദിക്കണമെന്നും സ്റ്റേറ്റ് കമ്മീഷണർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്ന പേര് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. പേര് മാറ്റുന്നതിനായി സർക്കാരിൽ പ്രോപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ബൈലോ അമെന്റ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ എന്ന പേര് നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്നും സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയെ അറിയിച്ചു.

**വനിതാ ശിശുവികസന വകുപ്പ്**

വനിതാശിശു വികസന വകുപ്പിന്റെ ഈ വർഷത്തെ ബഡ്ജറ്റ് അലോക്കേഷൻ പ്ലാൻ ഇനത്തിൽ 1102 കോടി 65 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 620 കോടി 26 ലക്ഷം രൂപയുമാണെന്നും ഇതിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റ്, ബാലാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ, വനിതാ വികസന കോർപ്പറേഷൻ, സാമൂഹ്യക്ഷേമ ബോർഡ് എന്നിവ ഉൾപ്പെടുന്നുണ്ടെന്നും സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

2235-02-001-89—വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള സാമൂഹ്യനീതി വകുപ്പ് ഓഫീസുകൾ സ്ഥാപനങ്ങൾ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ നിലവാരം

വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള 14 ജില്ലാ വനിത ശിശു വികസന കാര്യാലയങ്ങളിലെയും 14 വനിതാ സംരക്ഷണ കാര്യാലയങ്ങളിലെയും കരാർ വാഹനങ്ങളുടെയും

ഡയറക്ടറേറ്റിൽ പുതിയതായി കരാർ അടിസ്ഥാനത്തിൽ എടുക്കുന്ന 2 വാഹനങ്ങളുടെയും കരാർ വാടക തുക നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-102-62—കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മനഃശാസ്ത്ര സേവനം

സ്കൂളുകളിൽ കൗമാരക്കാരായ വിദ്യാർത്ഥിനികൾക്ക് കൗൺസലിംഗും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് നിയോഗിച്ചിട്ടുള്ള 1000 സൈക്കോ സോഷ്യൽ കൗൺസലർമാർക്ക് 24,000 രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-102-56—അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ-ഒരു ജീവിതചക്ര സമീപനം

സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് അംഗൻവാടികളെ സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനും 2021-22 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു തുക അനുവദിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-102-47—ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനം (60% കേന്ദ്രസഹായം)

വനിതാ ശിശുവികസന വകുപ്പിനു കീഴിലെ 169 ഐ.സി.ഡി.എസുകളിലേയും 3 പ്രോഗ്രാം ഓഫീസുകളിലെയും, ഡയറക്ടറേറ്റിലെയും കരാർ വാഹനങ്ങൾക്ക് വാടക നൽകുന്നതിനും, സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയവും, പെർഫോർമൻസ് ലിങ്ക്ഡ് ഇൻസെന്റീവും അനുവദിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ

31.68 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-102-36(02)—ഒ. ആർ. സി ഉൾപ്പെടെയുള്ള നൂതന പദ്ധതികൾ-കാവൽ, കരുതൽ, ശരണബാല്യം, ഭദ്രം, മാർഗ്ഗജ്യോതി

ബാലക്ഷേമ സമിതി മുമ്പാകെ എത്തുന്ന അതിതീവ്രമായ പ്രശ്നങ്ങൾ നേരിടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് ശാരീരിക മാനസിക സാമൂഹിക ശ്രദ്ധയും സംരക്ഷണവും ഉറപ്പുവരുത്തുന്ന കാവൽ പ്ലസ് പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ ടി കുട്ടികളുടെ പുനരധിവാസത്തിന് കൂടുതൽ ഫണ്ട് ആവശ്യമായി വരുന്നതിനാലും നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം ചെലവഴിച്ച തുക സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അനുവദിച്ച 9 കോടി രൂപയിൽ 6.45 കോടി രൂപ ചെലവഴിച്ചതായും കഴിഞ്ഞവർഷം അവസാനത്തെ മൂന്ന് മാസം 7 ജില്ലകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞതെന്നും ഈ വർഷം 14 ജില്ലകളിലും വർഷാദ്യം തന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഡയറക്ടർ മറുപടി നൽകി. ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-80—ജെൻഡർ പാർക്ക്

കോഴിക്കോട്ടുള്ള ജെൻഡർ പാർക്ക് ക്യാമ്പസ്സിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ കുടിശ്ശിക നൽകുന്നതിനായും അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രത്തിന്റെ പ്രാരംഭ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 16.38 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-57—അക്രമങ്ങളിൽ നിന്നും രക്ഷപ്പെട്ടവർക്കുള്ള ആശ്വാസ നിധി

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം അതിക്രമങ്ങൾക്ക് ഇരകളായ നിരവധി പേർക്ക് ആശ്വാസനിധി ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല എന്നും ഇത്തരത്തിലുള്ള എല്ലാ കേസുകളുടെയും FIR വകുപ്പിലെത്തിക്കുന്ന ഒരു സംവിധാനം ആരംഭിച്ചതിനാൽ ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന മുഴുവൻ വ്യക്തികളും ആശ്വാസധനസഹായത്തിനായി വകുപ്പിനെ സമീപിക്കുന്നുണ്ടെന്നും ആയതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും വനിതാ ശിശു

വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. കഴിഞ്ഞ വർഷത്തെ കുടിശ്ശിക നൽകുന്നതിനും പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-51—<u>സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശീലനം.</u>

സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് തൊഴിലും പരിശീലനവും നൽകുന്ന ഈ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം 25 ലക്ഷം രൂപയുടെ പദ്ധതികൾ ആരംഭിക്കുകയും ആദ്യത്തെ ഗഡു കൈമാറുകയും ചെയ്തുവെന്നും രണ്ടാമത്തെ ഗഡു നൽകുന്നതിനും നടപ്പുവർഷത്തെ പ്രവർത്തനങ്ങൾക്കുമായി 24 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്നും വനിതാ ശിശു വകസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ലൈംഗിക അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കുള്ള അടിയന്തര ആശ്വാസ ഫണ്ട് നൽകുന്ന ശീർഷകത്തിൽ കൂടുതൽ തുകയും സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി ശീർഷകത്തിൽ കുറവ് തുകയുമാണ് വകയിരുത്തിയിട്ടുള്ളത് എന്ന് നിരീക്ഷിച്ച സമിതി സ്ത്രീകൾ ശാക്തീകരിക്കപ്പെട്ടു കഴിഞ്ഞാൽ അവർക്കു നേരെയുള്ള അതിക്രമങ്ങൾ കുറയുമെന്നും സ്ത്രീകളെ കഴിവുള്ളവരാക്കി മാറ്റുന്നതിന് പരിശീലനവും തൊഴിലും നൽകുന്ന പദ്ധതി ശീർഷകത്തിലാണ് കൂടുതൽ തുക വകയിരുത്തേണ്ടതെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

കഴിഞ്ഞ വർഷം വകയിരുത്തിയ 25 ലക്ഷം രൂപ ഉപയോഗിച്ച് ഒരു പൈലറ്റ് പ്രോജക്ടെന്ന നിലയിൽ ആകെ 50-ൽ താഴെ ആളുകളെ മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ എന്നും ഈ വർഷം 500 പേരെയെങ്കിലും ടാർഗറ്റ് ചെയ്യാൻ സാധിച്ചാൽ ഉചിതമായിരിക്കുമെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-106-91—<u>വിവിധ ശിശുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ജൂവനൈൽ ജസ്റ്റിസ് ഫണ്ട്</u>

ജൂവനൈൽ ജസ്റ്റിസ് ആക്റ്റ് പ്രകാരം ഓരോ സംസ്ഥാനവും ബാലനിധി ഫണ്ട് രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും വിവിധ ശിശു സംരക്ഷണ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് വൈദ്യസഹായം, പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്കുള്ള ധനസഹായം, ലൈംഗിക അതിക്രമത്തിനും മാനസിക പീഡനത്തിനും ഇരയായ

കുട്ടികൾക്കുള്ള സഹായം തുടങ്ങി കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ പ്രവൃത്തികൾക്കാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നതെന്നും ആയതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. 2021-22 സാമ്പത്തിക വർഷം ബാലനിധി ഫണ്ട് ഇനത്തിൽ അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുള്ളതിനാൽ ടി ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72(01)—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-ക്യാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി</u>

ക്യാൻസർ രോഗം ബാധിച്ച 18 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന ഈ പദ്ധതി പ്രകാരം പ്രതിവർഷം 700 ഓളം ഗുണഭോക്താക്കൾക്ക് ചികിത്സ നൽകിവരുന്നുണ്ടെന്നും ഈ സാമ്പത്തിക വർഷം മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72(05)—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-താലോലം പദ്ധതി</u>

ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ, ജനിതക രോഗങ്ങൾ മറ്റ് ഗുരുതര രോഗങ്ങൾ എന്നിവയാൽ കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന താലോലം പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിന് അധികമായി 2 കോടി രൂപ അനുവദിക്കുന്നതിനും നടപ്പുസാമ്പത്തിക വർഷം മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72-(11)—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-സ്നേഹപൂർവ്വം</u>

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ അർഹരായ കുട്ടികൾക്ക് 2020-21 അദ്ധ്യയന വർഷത്തെ കുടിശ്ശിക തുക

നൽകുന്നതിന് കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 35.4847 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

4235-02-103-99—നിർഭയ ഹോമുകളുടെ നിർമ്മാണം

ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിലെ പുതിയ നിർഭയ ഹോമുകളുടെ കെട്ടിട നിർമ്മാണത്തിനായി ഈ ശിർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-001-90—വനിതാ ശിശുവികസന ഡയറക്ടറാഫീസ്

വനിതാ ശിശുവികസന വകുപ്പിനു കീഴിൽ ജില്ലാ തലത്തിൽ ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ളതിനാൽ 14 ജില്ലാ ഓഫീസുകളിലെയും ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, മറ്റ് ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം, തുടങ്ങിയ ചെലവുകൾ വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.52 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-85—ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കൽ

ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കുന്നതിനായി നിയോഗിച്ചിട്ടുള്ള വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിലും ഓഫീസുകളിലെ വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ്, മറ്റ് ചെലവുകൾ എന്നിവ വഹിക്കുന്നതിനും നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25.6 ലക്ഷം രൂപ അധികമായി ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം

വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ അർഹതയുള്ള എല്ലാ അപേക്ഷ കർക്കും ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ

ഈ ശീർഷകത്തിൽ 2.06 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-102-53—ചൈൽഡ് റൈറ്റ്സ് കമ്മീഷൻ

ചൈൽഡ് റൈറ്റ്സ് കമ്മീഷന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ കൺസോളിഡേറ്റഡ് പേ ഇനത്തിലെ സാലറി, കമ്മീഷനിലെ റിട്ടയർ ചെയ്ത മെമ്പർമാരുടെ ആനുകൂല്യം എന്നിവ നൽകുന്നതിനും കെക്സ്കോണിലെ സെക്യൂരിറ്റി സേവനം അനുഷ്ഠിക്കുന്നവർക്ക് വേതനം നൽകുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായ തിനാൽ ഈ ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം

ബോർഡിന്റെ ഭരണ ചെലവുകൾക്കും ജീവനക്കാർക്ക് പേ റിവിഷൻ അരിയർ, ലീവ് സറണ്ടർ തുടങ്ങിയവ നൽകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.0092 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-104-99—ശ്രീ ചിത്രാ ഹോം സഹായധനം

ശ്രീചിത്രാ ഹോം ജീവനക്കാർക്ക് 2022-23 സാമ്പത്തിക വർഷം പേറിവിഷൻ നൽകി ശമ്പളം നൽകുന്നതിനും, ശ്രീചിത്രാ ഹോമിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, കുമാരപുരത്തുള്ള 1 എക്കർ ഭൂമിയിൽ രോഗീ സൗഹൃദ ഷോർട്ട് സ്റ്റേ കെട്ടിടം, മാതൃശിശു പുനരധിവാസ ഷോർട് സ്റ്റേ, മുതിർന്ന പെൺകുട്ടികൾക്കുള്ള ആഫ്റ്റർ കെയർ ഹോം, അപ്പാരൽ തൊഴിൽ യൂണിറ്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കുട്ടികളുടെ വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60.96 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു..

2235-02-103-89—വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

റീച്ച് ഫിനിഷിംഗ് സ്കൂൾ, നഴ്സുമാർക്കുള്ള പ്രത്യേക ഫിനിഷിംഗ് പ്രോഗ്രാമുകൾ എന്നീ രണ്ട് പദ്ധതികളാണ് ഈ ശീർഷകത്തിനുകീഴിൽ വരുന്നതെന്നും അഭ്യസ്ത വിദ്യരായ വനിതകളുടെ എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോഗ്രാമാണിതെന്നും നഴ്സിംഗ്

പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് ഇംഗ്ലീഷ് ഭാഷ ഉൾപ്പെടെയുള്ള വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും അധിക തുക അനുവദിക്കണമെന്നും വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

എത്ര കുട്ടികൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ടെന്ന് സമിതി ആരാഞ്ഞു. 6 നെഴ്സിംഗ് ബാച്ചുകൾ പൂർത്തിയായിട്ടുണ്ടെന്നും 923 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ടെന്നും വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മറുപടി നൽകി.

വനിതാ വികസന കോർപ്പറേഷന്റെ നല്ലൊരു പ്രോജക്ടാണിതെന്ന് അഭിപ്രായപ്പെട്ട സമിതി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനർവിനി യോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

വനിതാ ശിശു വികസനവകുപ്പുമായി ബന്ധപ്പെട്ട അധിക ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ച അവസാനിപ്പിച്ച ശേഷം റിട്ടയർ ചെയ്ത അങ്കണവാടി ജീവനക്കാർക്ക് പെൻഷൻ നൽകുന്ന ശീർഷകം സംബന്ധിച്ച് സമിതി ആരാഞ്ഞു. ഇവർക്ക് വളരെ തുച്ഛമായ പെൻഷനാണുള്ളതെന്നും അതിപ്പോൾ ലഭിക്കാത്ത അവസ്ഥയാണെന്നും അങ്കണവാടി ജീവനക്കാരായിരുന്നതിനാൽ അവർക്ക് മറ്റ് പെൻഷനുകൾക്ക് അപേക്ഷിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണെന്നും ഇതിനായി ധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ വച്ച് കൂടുതൽ തുക ഡിമാന്റ് ചെയ്യേണ്ടതല്ലേയെന്നും സമിതി ആരാഞ്ഞു.

ലേബർ ഡിപ്പാർട്ട്മെന്റിന്റെ ശീർഷകം വഴിയാണ് അങ്കണവാടി പ്രവർത്തകർക്കുള്ള ക്ഷേമനിധി പെൻഷൻ നൽകുന്നതെന്നും വിവിധ ക്ഷേമനിധി ബോർഡുകൾക്കുള്ള ധനസഹായം നൽകുന്നത് ഈ ശീർഷകത്തിൽ നിന്നാണെന്നും ആയതിനായി ഈ ശീർഷകത്തിൽ പ്രൊവിഷൻ വച്ചിട്ടുണ്ടാകാമെന്നും ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയെ അറിയിച്ചു.

## പൊതുഭരണ വകുപ്പ്

2235-02-001-87-31—<u>മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം</u>

കമ്മീഷനിലെ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പളം, മറ്റ് അലവൻസുകൾ, പേ റിവിഷൻ അരിയർ, മുൻ കമ്മീഷൻ അംഗങ്ങളുടെ ടെർമിനൽ സറണ്ടർ എന്നിവ നൽകുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.123 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-001-87-36—മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളേതരം

കേരള ആക്റ്റ് 2/2016 പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മീഷന്റെ 9-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി സാമൂഹിക സാമ്പത്തിക സർവ്വേ നടത്തിയതുമായി ബന്ധപ്പെട്ട് കുടുംബശ്രീയ്ക്ക് കുടിശ്ശിക തുക അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം-(പ്ലാൻ)

വിവാഹധനസഹായം നൽകുന്ന മംഗല്യ സമുന്നതി പദ്ധതിക്ക് ഈ സാമ്പത്തിക വർഷം 2 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതെന്നും കഴിഞ്ഞവർഷം ആയിരത്തോളം അപേക്ഷകൾ ലഭിച്ചതിൽ 228 പേർക്ക് മാത്രമാണ് ധനസഹായം അനുവദിക്കാൻ കഴിഞ്ഞതെന്നും അതിനാൽ ടി പദ്ധതിക്കായി 3 കോടി രൂപയും കൂടാതെ ജീർണ്ണാവസ്ഥയിലുള്ള അഗ്രഹാരങ്ങളുടെയും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര സമുദായങ്ങളുടെ വീടുകളുടെ പുനരുദ്ധാരണത്തിനുമുള്ള ഭവന സമുന്നതി പദ്ധതിക്കായി 8.4 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതികളിൽ വായ്പയായിട്ടാണോ തുക അനുവദിക്കുന്നതെന്ന് സമിതി ആരാഞ്ഞു. ആയത് ഗ്രാന്റ് ആയിട്ടാണ് ഗുണഭോക്താക്കൾക്ക് നല്കുന്നതെന്നും സർക്കാർ നൽകുന്ന ഗ്രാന്റ് ഉപയോഗിച്ചാണ് കോർപ്പറേഷൻ പ്രവർത്തിക്കുന്നതെന്നും പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നല്കി.

സർക്കാർ അനുവദിക്കുന്ന ഈ ഗ്രാന്റ് മുന്നാക്ക സമുദായ കോർപ്പറേഷൻ മുഖേന ഗുണഭോക്താക്കൾക്ക് നൽകുന്നതിനു പകരം നേരിട്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്കീമിൽ ഉൾപ്പെടുത്തിയോ നൽകിയാൽ മതിയല്ലോ എന്ന് സമിതി ആരാഞ്ഞതിന് എല്ലാ വിഭാഗങ്ങൾക്കും ഓരോ ക്ഷേമ കോർപ്പറേഷനുണ്ടെന്നും അതുവഴിയാണ് ധനസഹായം നൽകുന്നതെന്നും ഇത് ഒരു ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂഷനാണെന്നും അദ്ദേഹം മറുപടി നൽകി. പ്രസ്തുത പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി മംഗല്യ സമുന്നതി പദ്ധതിക്ക് 3 കോടി രൂപയും ഭവന പുനരുദ്ധാരണ പദ്ധതിക്കായി 8.4 കോടി രൂപയും ഉൾപ്പെടെ ആകെ 11.4 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം-(നോൺ പ്ലാൻ)

കേരള സംസ്ഥാന മുന്നാക്കസമുദായക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണ കുടിശ്ശിക വിതരണം ചെയ്യുന്നതിനും, ചെയർമാന് ഹോണറേറിയം നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**സൈനികക്ഷേമ വകുപ്പ്**

2235-60-200-71—ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം-ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുകയായ 12.97 കോടി രൂപയിൽ 7 കോടി 47 ലക്ഷം രൂപ സർക്കാരിൽ നിന്നും നാളിതുവരെയും ലഭിക്കാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും നിർവാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നതായും സൈനികക്ഷേമ ബോർഡ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 7.47 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-61—ഇന്ത്യൻ മിലിറ്ററി/ ഓഫീസേഴ്സ് ട്രെയിനിംഗ് /എയർ ഫോഴ്സ് / നേവൽ അക്കാഡമി,ആംഡ് ഫോഴ്സസ് മെഡിക്കൽ കോളേജ് ആന്റ് ആർമി ട്രെയിനിംഗ് സ്കൂൾസ് എന്നിവയിൽ നിന്നും പാസ്സ് ഔട്ട് ആയി വരുന്ന കേരളത്തിൽ നിന്നുള്ള കേഡറ്റ്സിന് ഒറ്റത്തവണ സ്കോളർഷിപ്പ്

ഇന്ത്യൻ ആർമി/നേവി/എയർഫോഴ്സുകളിലേക്ക് കേരളത്തിൽ നിന്ന് Commissioned Officers ആയി രാജ്യസേവനത്തിന് പോകുന്നവർക്ക് പ്രോത്സാഹനമായി 2 ലക്ഷം രൂപ വീതം ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണിതെന്നും ഈ സാമ്പത്തിക വർഷം പുതുതായി അനുവദിച്ച ടി ശീർഷകത്തിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നും മുൻ വർഷം ലഭ്യമായ 55 അപേക്ഷകളിന്മേലും നടപ്പു സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന അപേക്ഷകൾക്കും ധനസഹായം അനുവദിക്കുന്നതിന് അധിക തുക ആവശ്യമാണെന്നും സൈനികക്ഷേമ ഡയറക്ടർ സമിതിയെ അറിയിച്ചു.

പാസ്ഔട്ട് അയി പോകുന്നവർക്ക് ധനസഹായം നൽകേണ്ടതിന്റെ ആവശ്യകത യെന്തെന്നും Commissioned Officers ആകുന്നതിനുള്ള കടമ്പകൾ കടക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുന്ന സ്കീമല്ലേ കൊണ്ടു വരേണ്ടതെന്നും സമിതി ആരാഞ്ഞു. ഇത് സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിൽ ഗവൺമെന്റെടുത്ത തീരുമാനമാണെന്ന് സൈനികക്ഷേമ ബോർഡ് ഡയറക്ടർ മറുപടി നൽകി.

സൈനിക സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. പത്താം ക്ലാസ് പാസ്സായ കേരളത്തിൽ നിന്നുള്ള കുട്ടികൾക്ക് 10000 രൂപ ഗ്രാന്റായി നൽകുന്നുണ്ടെന്നും നിലവിൽ പട്ടാളക്കാരുടെ മക്കൾക്ക് മാത്രമാണ് ഗ്രാന്റ് നൽകുന്നതെന്നും ഡയറക്ടർ മറുപടി നൽകി. സൈനിക സേവനം പാവപ്പെട്ട കുട്ടികൾക്ക് അപ്രാപ്യമായി മാറുകയാണെന്നും പ്രത്യേകിച്ച് Commissioned Offices ആയി സാധാരണക്കാർക്ക് വരാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണുള്ളതെന്നും ഇത് പാവപ്പെട്ട കുട്ടികൾക്ക് കിട്ടണമെങ്കിൽ അവർക്ക് ട്രെയിനിംഗ് കൊടുത്ത് യൂണിഫോം കോഴ്സിലേക്ക് കൊണ്ടുവരാൻ സാധിക്കണമെന്നും കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകുകയാണെങ്കിൽ അവർക്ക് ഭാവിയിൽ ഡിഫൻസിൽ ഉയർന്ന ഓഫീസർമാരാകാൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു.

പുതിയൊരു തലമുറ മിലിട്ടറിയിലേക്ക് വരുന്നത് പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ എസ്.സി./എസ്.ടി. എക്കണോമിക്കലി വീക്കർ സെക്ഷനുകൾ എന്നിവർക്ക് മുൻഗണന നൽകിക്കൊണ്ട് ഒരു പുതിയ പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കാമെന്ന് പൊതുഭരണ അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 2.4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ആഭ്യന്തര വകുപ്പ്**

2235-02-106-98—ദുർഗുണ പരിഹാര പാഠശാല

ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികൾക്കുള്ള അടിയന്തര ചികിത്സാ ചെലവ്. മരുന്ന്, മറ്റ് ചെലവുകൾ, സ്ഥാപനത്തിലെ വെള്ളക്കരം, വൈദ്യുതിചാർജ്, വാഹനങ്ങളുടെ ഇന്ധനവില എന്നിവയിലുണ്ടാകുന്ന വർദ്ധനവും, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവ കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-106-92—<u>തടവുകാരുടെ ക്ഷേമം</u>

വിയ്യൂർ സെൻട്രൽ ജയിലിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 10 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് തുക ഉൾപ്പെടെ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട കുടിശ്ശിക തുക അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായ തിനാൽ ഈ ശീർഷകത്തിൽ 76.13 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12.20- ന് അവസാനിച്ചു.

<u>26-04-2022 ലെ യോഗനടപടിക്കുറിപ്പ്</u>

പതിനഞ്ചാം കേരളനിയമസഭയുടെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2022 എപ്രിൽ മാസം 26-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ആൻസലൻ, എം. എൽ.എ.
2. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ.എ.

<u>വിഡിയോ കേൺഫറൻസ് മുഖേന പങ്കെടുത്ത അംഗം</u>

1. ശ്രീ. യു.. എ. ലത്തീഫ്, എം. എൽ. .എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

സമിതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XXV, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XLVI എന്നിവയുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 6-ാം മത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് വരുന്ന സഭാ സമ്മേളന കാലയളവിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്നും 92 ശിപാർശ കളടങ്ങിയ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ആഭ്യന്തര വകുപ്പിൽ നിന്നുള്ള നടപടി സ്റ്റേറ്റ്മെന്റും പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഇടക്കാല മറുപടിയും മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും സമിതി വിഭാഗം അഡീഷണൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അടിയന്തരമായി നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട വകുപ്പുകളിലേക്ക് കത്തയയ്ക്കുന്നതിന് സമിതി നിർദ്ദേശം നൽകി.

യോഗം ഉച്ചയ്ക്കുശേഷം 2.45- ന് അവസാനിച്ചു.

<u>22-06-2022 ലെ യോഗനടപടിക്കുറിപ്പ്</u>

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2022 ജൂൺ മാസം 22-ാം തീയതി ബുധനാഴ്ച രാവിലെ 11.30 ന് നിയമസഭാ സമുച്ചയത്തിലെ 4 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദു നേരിട്ടും ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് പ്രത്യേക ക്ഷണിതാവായി വീഡിയോ കോൺഫറൻസ് മുഖേനയും പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ആൻസലൻ, എം. എൽ. എ.

2. ശ്രീ. ഒ. ആർ. കേളു, എം. എൽ. എ.

3. ശ്രീമതി ശാന്തകുമാരി കെ, എം. എൽ. എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ

1. ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.

2. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ

1. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതിയും വനിതാശിശു വികസനവും വകുപ്പ്

2. ശ്രീ. രാജു നാരായണ സ്വാമി, പ്രിൻസിപ്പൽ സെക്രട്ടറി, സൈനികക്ഷേമ വകുപ്പ്.

3. ശ്രീമതി മിനിമോൾ വി.ജി. അഡീഷണൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്

4. ശ്രീമതി ആർ. താരാദേവി, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

5. ശ്രീ. ശശിധരൻ എം. അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

6. ശ്രീമതി അനുപമ ടി.വി. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

7. ശ്രീ. ദേവീദാസ് എൻ. ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്

8. ക്യാപ്റ്റൻ വിനോദ് മാത്യു, ഡയറക്ടർ, സൈനികക്ഷേമ ബോർഡ്

9. ശ്രീ. സുഭാഷ് ആർ. ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

10. ശ്രീമതി സ്വപ്ന എം. ജോയിന്റ് സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്

11. ശ്രീ. ഷെറിൻ എം. എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ

12 ശ്രീ. വി. സജീവ്, അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

13. ശ്രീ. ബാബുരാജ് ബി. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ കൺവേർട്ടഡ് ക്രിസ്റ്റ്യൻ & റെക്കമെന്റഡ് കമ്മ്യൂണിറ്റീസ്.

14. ശ്രീമതി റെജികുമാർ ആർ, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് വെൽഫയർ കമ്മീഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റീസ്.

15. ശ്രീ. പുരുഷോത്തമൻ കെ.പി. അഡീഷണൽ സെക്രട്ടറി & രജിസ്ട്രാർ കെ.എസ്.സി.ഇ.ബി.സി.എഫ്.സി

16 ശ്രീമതി ഇന്ദുലേഖ ഐ. വി. അണ്ടർ സെക്രട്ടറി വനിതാശിശു വികസന വകുപ്പ്

17 ശ്രീമതി സ്മിതാ ശിവദാസൻ. റിസർച്ച് ഓഫീസർ, കിർത്താഡ്സ്

സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ

   (ഫ.നം. 12492/സബ്.സി .ജി.2/2021/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച സമിതി ചുവടെപ്പറയുന്ന ഖണ്ഡികകളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആരായുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ഖണ്ഡിക 1—2225-01-001-94-34 വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും മറ്റ് ചെലവുകൾ

പ്രസ്തുത ശീർഷകത്തിന്മേൽ പട്ടികജാതി വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 3 കോടി രൂപയിൽ മുഴുവൻ തുകയും ചെലവഴിക്കാത്തതിന്റെ കാരണം ആരാഞ്ഞു.

പട്ടികജാതിക്കാർക്കുവേണ്ടി അനുവദിക്കപ്പെടുന്ന ഫണ്ട് കൃത്യമായി വിനിയോഗിക്കപ്പെടേണ്ടതാണെന്നും ആവശ്യമില്ലാത്ത കാര്യങ്ങൾ ഉയർത്തിക്കാട്ടി കൂടുതൽ തുക ആവശ്യപ്പെടുന്ന പ്രവണതയാണ് കണ്ടുവരുന്നതെന്നും മുൻ വർഷത്തെ ചെലവിനനുസരിച്ച് മാത്രമേ അധിക വിഹിതം ആവശ്യപ്പെടാൻ പാടുള്ളൂവെന്നും സമിതി നിർദ്ദേശിച്ചു,

വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർ ചെലവ് വഹിക്കുന്നതിനും മറ്റുമായി മാറ്റിവച്ച തുകയാണിതെന്നും നിലവിൽ സോളാർ പ്ലാന്റുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാലാണ് മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാതെവന്നതെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. അനുവദിക്കപ്പെട്ടതിൽ 20% ത്തോളം തുക ചെലവഴിക്കാതെ വന്നിട്ടുണ്ടെന്നും ഗവൺമെന്റ് ഇപ്പോൾ സോളാർ പ്ലാന്റുകൾ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും അതിൽ നിന്നും വരുമാനം ലഭിക്കുന്ന രീതിയിൽ മുന്നോട്ട് പോകണമെന്നും അവ എനർജി കൺസംപ്ഷന്റെ ഭാഗമായി മാറ്റുകയാണ് വേണ്ടതെന്നും സമിതി നിർദ്ദേശിച്ചു. ഇക്കാര്യങ്ങൾ ശ്രദ്ധിക്കാമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

ഖണ്ഡിക നമ്പർ 2 —2225-01-102-91- വാൽസല്യനിധി

ഈ പദ്ധതി ലാഭകരമല്ലാത്തതിനാൽ പുതിയൊരു പദ്ധതിയിലേക്ക് മാറാനുള്ള ചർച്ചകൾ നടക്കുകയാണെന്നും എൽ.ഐ.സിയിൽ അടച്ച 56 കോടി രൂപ തിരികെ വാങ്ങുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

ഇത് എൽ.ഐ.സിയുമായി ഉണ്ടാക്കിയൊരു കരാറായിരുന്നുവെന്നും എന്നാൽ എൽ.ഐ.സി അവരുടെ എഗ്രിമെന്റിൽ നിന്നും പുറകോട്ടുപോയതിനാൽ ആ സ്കീം മുന്നോട്ട് കൊണ്ടുപോകുന്നത് കൂടുതൽ നഷ്ടമുണ്ടാക്കുമെന്ന് മനസ്സിലാക്കി എൽ.ഐ.സി യോട് അടച്ച തുക

തിരികെ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പുനരുദ്ധരിക്കുന്നതിനായി കേരള ബാങ്കുമായും വിവിധ ഇൻഷ്വറൻസ് ഏജൻസികളുമായും ചർച്ചകൾ നടന്നുവരികയാണെന്നും ഈ പ്രോജക്ട് ഇതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുമെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

ഖണ്ഡിക നമ്പർ 19—<u>പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ</u>

കഴിഞ്ഞ വർഷം നവംബറിലാണ് സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചതെന്നും അതുകൊണ്ട് സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിനും ഗോത്രസാരഥി പദ്ധതിക്കും അധികം തുക ചെലവഴിക്കേണ്ടി വന്നില്ലെന്നും 52.8% തുക മാത്രമാണ് ചെലവഴിച്ചതെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഈ പദ്ധതി ദുരുപയോഗം ചെയ്യുന്നത് തടയണമെന്നും ഇത് കൃത്യമായി മോണിറ്റർ ചെയ്യപ്പെടുന്നില്ലെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു.

ഗോത്രവാഹിനി പദ്ധതിയുടെ പേരിൽ പഞ്ചായത്തുകൾ കൂടുതൽ തുക ചെലവഴിച്ചതായി കണ്ടെത്തിയിട്ടുണ്ടെന്നും വകുപ്പ് അക്കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും കൃത്യതയുണ്ടാകണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി. ഈ പദ്ധതിവഴി മിക്കവാറും എല്ലാ സ്ഥലത്തേക്കും കുട്ടികൾക്ക് എത്തിച്ചേരാനുള്ള സൗകര്യമൊരുക്കിക്കൊടുക്കാൻ കഴിയുന്നുണ്ടെന്നും ഇത്തരം പദ്ധതികളുടെ പേരിൽ നടക്കുന്ന ദുരുപയോഗം കണ്ടെത്തുകയും അത് കുറയ്ക്കുന്നതിന് ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു.

ഖണ്ഡിക നമ്പർ 20 —<u>2225-02-282-89-ജനനീ ജന്മരക്ഷ</u>

ഇടക്കാലത്ത് അട്ടപ്പാടിയിലുള്ളവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നില്ലായെന്നും കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു. കഴിഞ്ഞ വർഷം ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായിരുന്നു കുടിശ്ശിക വന്നതെന്നും ഇപ്പോൾ അപ്ഡേറ്റ് ആയിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക നമ്പർ 30 —<u>2225-80-001-99-99 കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- വിവര സാങ്കേതിക വിദ്യ</u>

കിർത്താഡ്സ് ഒട്ടേറെ പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും ഇടുക്കി വയനാട് തുടങ്ങിയ ജില്ലകളിൽ കിർത്താഡ്സുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ഉയർന്നുവരുന്നുണ്ടെന്ന് സമിതിയംഗം ശ്രദ്ധയിൽപ്പെടുത്തി. ജാതി സർട്ടിഫിക്കറ്റ്

ലഭിക്കുന്നതുമായി ബന്ധപ്പെട്ടാണ് കൂടുതൽ പരാതികൾ ലഭിക്കുന്നതെന്നും ഇടുക്കി, വയനാട്, പാലക്കാട് തുടങ്ങിയ അതിർത്തി ജില്ലകളിലാണ് ഈ പ്രശ്നം കൂടുതലായി കണ്ടുവരുന്നതെന്നും ഇത് സംബന്ധിച്ച് കൂടിയ യോഗത്തിൽ കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു.

31 മുതൽ 45 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ റിപ്പോർട്ടിൽ ബഡ്ജറ്റ് വിഹിതം രേഖപ്പെടുത്തിയിട്ടില്ലായെന്നും സമിതിക്ക് നൽകുന്ന റിപ്പോർട്ടുകളിൽ പ്ലാൻ ശീർഷകത്തിലും നോൺ പ്ലാൻ ശീർഷകത്തിലും വകയിരുത്തിയിട്ടുള്ള തുക, അധികം ആവശ്യപ്പെട്ട തുക, അനുവദിച്ച തുക എന്നിവ സംബന്ധിച്ച് വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി കൃത്യമായ മറുപടി ലഭ്യമാക്കുന്നതിന് എല്ലാ വകുപ്പുകളും ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 43—4225-03-190-99-ഹരിജനങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ

ടി ശീർഷകത്തിന്റെ പേരിലെ ഹരിജനങ്ങൾ എന്ന പദം മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി പിന്നാക്ക വിഭാഗ വികസന വകുപ്പിന് നിർദ്ദേശം നൽകി.

ഖണ്ഡിക 51—2235-02-104-89(31) അനാഥാലയ നിയന്ത്രണ ബോർഡ് സഹായധനം ശമ്പളം

സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി അനാഥാലയം എന്ന വാക്കിനു പകരം പുതിയ പദം കണ്ടെത്തുന്നതിന് മുൻ സമിതി യോഗങ്ങളിൽ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും ആയതിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും വകുപ്പിന് നിർദ്ദേശം നൽകി.

ഖണ്ഡിക 53—2235-02-1090-98 കേരള വികലാംഗ ക്ഷേമ കോർപ്പറേഷൻ

വികലാംഗർ എന്ന പദം ഔദ്യോഗിക രേഖകളിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും കോർപ്പറേഷന്റെ പേര് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി സാമൂഹ്യനീതി വകുപ്പിന് നിർദ്ദേശം നൽകി.

ഖണ്ഡിക നം 60 —2235-02-102-62-കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മനശാസ്ത്ര സേവനം

കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് കൗൺസലിംഗും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് 2.8842 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെന്നും 3 കോടി രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചുവെന്നും സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കോവിഡ് സമയത്ത് സ്കൂളുകൾ പ്രവർത്തിച്ചിരുന്നില്ലല്ലോയെന്ന് സമിതി ആരാഞ്ഞു. ആ സമയത്ത് എല്ലാ സ്കൂൾ കൗൺസിലേഴ്സും ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടായിരുന്നുവെന്നും ഒരോ സ്കൂളിലെയും കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് ഓൺലൈനായി കൗൺസലിംഗും നൽകുന്നുണ്ടായിരുന്നുവെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഖണ്ഡിക നമ്പർ 61 —2235-02-102-55-അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം

വനിതാശിശു വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി അങ്കണവാടി ജീവനക്കാർക്കുള്ള വേതനം വർദ്ധിപ്പിച്ച നിരക്കിൽ വിതരണം ചെയ്യാൻ കഴിയാത്തതെന്തെന്ന് ആരാഞ്ഞു. ബഡ്ജറ്റ് പ്രഖ്യാപനമുണ്ടായെങ്കിലും ഗവൺമെന്റ് ഓർഡർ ഇറങ്ങിയിട്ടില്ലെന്നും വലിയ സാമ്പത്തിക ബാദ്ധ്യത വരുന്ന പദ്ധതിയായതിനാൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കണമെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് അഡീഷണൽ തുക വകയിരുത്തിയാൽ മാത്രമേ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക കൊടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും സാമൂഹ്യനീതി വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ശീർഷകത്തിലെ അംഗൻവാടി എന്ന വാക്കിനുപകരം അങ്കണവാടി എന്ന പദം ചേർക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക നമ്പർ 68—2235-02-103-80-ജെൻഡർ പാർക്ക്

ജെൻഡർ പാർക്കിന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി ആരാഞ്ഞു. അന്താരാഷ്ട്ര വിപണന കേന്ദ്രത്തിന്റെ നിർമാണത്തിന് 24.5 കോടി രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് അനുവദിച്ചിട്ടില്ലെന്നും വനിതാ ശിശു വികസന വകുപ്പിന്റെ ഒരു റിസർച്ച് ഹബ് എന്ന നിലയിൽ പ്രവർത്തിക്കാനാണ് ജെൻഡർ പാർക്ക് കൊണ്ട് ലക്ഷ്യമിടുന്നതെന്നും എന്നാൽ ആ രീതിയിൽ ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും കൃത്യമായ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും അതിനുവേണ്ടി എക്സ്പെർട്ട് കമ്മിറ്റി മെമ്പർമാരുമായി ചർച്ചകൾ നടക്കുകയാണെന്നും ആവശ്യമെങ്കിൽ ബൈലോ ഭേദഗതി ചെയ്തശേഷം പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും സമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഖണ്ഡിക നമ്പർ 82—4235-02-102-86-വെള്ളപ്പൊക്കത്തിൽ നാശം സംഭവിച്ച അങ്കണവാടി കേന്ദ്രങ്ങളുടെ പുതുക്കൽ

അങ്കണവാടി കെട്ടിടങ്ങളുടെ വലിപ്പം തീരുമാനിക്കുന്നതിന്റെ മാനദണ്ഡം എന്തെന്നും കെട്ടിട നിർമ്മാണം പൂർണമായും ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിലാണോ എന്നും സമിതി ആരാഞ്ഞു. ഒന്നര സെന്റ് മുതൽ 15 സെന്റ് വരെയുള്ള സ്ഥലങ്ങളിൽ

അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുവദിക്കുമെന്നും ബഡ്ജറ്റ് വിഹിതത്തിന് ആനുപാതികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിഹിതം നൽകേണ്ടതുണ്ടെന്നും ഓരോ പ്ലാനിനും എത്ര തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകണമെന്നതടക്കമാണ് സർക്കാർ ഉത്തരവ് വന്നിട്ടുള്ളതെന്നും സമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഖണ്ഡിക നമ്പർ 83—<u>4235-02-102-85 സ്മാർട്ട് അങ്കണവാടികളുടെ നിർമാണം</u>

സ്മാർട്ട് അങ്കണവാടികൾ അനുവദിക്കുന്നതിന് അധിക തുക ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിച്ചിട്ടില്ലെന്നും തിരുവനന്തപുരത്ത് ഒരു സ്മാർട്ട് അങ്കണവാടി കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ടെന്നും സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഈ ആവശ്യത്തിനായി പുതിയ ശീർഷകം അനുവദിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് സ്മാർട്ട് അങ്കണവാടിക്കുവേണ്ടി പ്രത്യേകം ശീർഷകം അനുവദിക്കുന്നതിന് വേണ്ടിയാണ് അപേക്ഷിച്ചിരുന്നതെന്നും എന്നാൽ അതിന് മുമ്പുണ്ടായിരുന്ന പദ്ധതിയായ മോഡൽ അങ്കണവാടികളുടെ പഴയ പദ്ധതി ചെലവുകൾ തീർന്നതുകൊണ്ട് ആ ഹെഡ്ഡിൽ പുതിയ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക നമ്പർ 85—<u>2235-02-190-97-34-OC കേരള സംസ്ഥാന മുന്നോക്ക കോർപ്പറേഷനുള്ള ധനസഹായം (പ്ലാൻ)</u>

മംഗല്യ സമുന്നതി പദ്ധതിക്ക് 5 കോടി രൂപയും ഭവന പുനരുദ്ധാരണ പദ്ധതിക്ക് 7.26 കോടി രൂപയും ഉൾപ്പെടെ ആകെ 12.26 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും 25 ലക്ഷം രൂപയാണ് അധികമായി അനുവദിച്ചതെന്നും മാർച്ച് മാസത്തിലാണ് തുക ലഭിച്ചതെന്നും അതിനാൽ തുക ചെലവഴിക്കാൻ കഴിഞ്ഞില്ലെന്നും തുക റീഫണ്ട് ചെയ്തെന്നും ഈ വർഷം തുക അനുവദിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

ഭവന സമുന്നതി പദ്ധതിക്ക് അപേക്ഷകരുണ്ടോ എന്ന് സമിതി ആരാഞ്ഞു.

അപേക്ഷകരുണ്ടെന്നും അഗ്രഹാരങ്ങൾക്കായിട്ടാണ് തുക അനുവദിച്ചതെങ്കിലും ഇപ്പോൾ മുന്നാക്ക സമുദായത്തിലെ മറ്റ് സമുദായങ്ങൾക്കും സഹായം നൽകണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടെന്നും അഗ്രഹാരങ്ങളെ ഹെറിറ്റേജ് പോലെ സംരക്ഷിക്കുന്നതു കൊണ്ട് ആ പദ്ധതിക്കായി തന്നെ പ്രസ്തുത തുക ചെലവഴിക്കണമെന്ന് പ്ലാനിംഗ് ബോർഡ് നിർദ്ദേശമുണ്ടായിരുന്നുവെന്നും ഇതു സംബന്ധിച്ച ഫയൽ ബഹു മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടെന്നും അതിൽ തീരുമാനമായിട്ടില്ലെന്നും അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഭവന സമുന്നതി പദ്ധതിക്ക് ധാരാളം അപേക്ഷകൾ കോർപ്പറേഷനിൽ ഉണ്ടായിരുന്നിട്ടും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ചെലവഴിക്കാതെ തുക മുഴുവൻ തിരിച്ചടച്ചുവെന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. മാർച്ച് മാസത്തിലാണ് ഫണ്ട് ലഭിച്ചതെന്നും തുക മുന്നോക്ക ക്ഷേമ കോർപ്പറേഷന് ട്രാൻസ്ഫർ ചെയ്തില്ലെന്നും അതിനാലാണ് ചെലവഴിക്കാൻ കഴിയാതെ പോയതെന്നും ഈ വർഷം തുക അനുവദിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും കേരള സംസ്ഥാന മുന്നോക്ക വിഭാഗ ക്ഷേമ കമ്മീഷൻ ജനറൽ മാനേജർ സമിതിയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 13 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി വികസന വകുപ്പും 14 മുതൽ 30 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികവർഗ്ഗ വികസന വകുപ്പും 31 മുതൽ 45 വരെ ഖണ്ഡികകളിന്മേൽ പിന്നാക്കവിഭാഗ വികസന വകുപ്പും 46 മുതൽ 58 വരെ ഖണ്ഡികകളിന്മേൽ സാമൂഹ്യനീതി വകുപ്പും 59-മുതൽ 83 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വനിതാശിശുവികസന വകുപ്പും ഖണ്ഡിക 84 മേൽ ആഭ്യന്തര വകുപ്പും 85 മുതൽ 89 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പൊതുഭരണ വകുപ്പും 90 മുതൽ 92 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സൈനികക്ഷേമ വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

2. ജെൻഡർ പാർക്കിൽ വനിതകൾക്കായി അന്താരാഷ്ട്ര വിപണന കേന്ദ്രം നിർമിക്കുന്നതുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞ അധികവിവരങ്ങളിന്മേൽ വനിതാശിശു വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

(ഫ.നം. 16894/സബ്.സി. ജി2/2021/നി.സെ.)

മേൽ വിഷയത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ സാധ്യതാ പഠന റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ സമിതി അംഗീകരിച്ചു.

3. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്.

(ഫ.നം. 12492/സബ്.സി.ജി2/2021/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ അംഗീകരിച്ചു.

4. 2021 എപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫ.നം. 8873/സബ്.സി. ജി2/2022/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ അംഗീകരിച്ചു.

യോഗം ഉച്ചയ്ക്ക് 12.50- ന് അവസാനിച്ചു.

പതിനഞ്ചാം കേരള നിയമസഭ

സബ്ജക്ട് കമ്മിറ്റി XIII

(സാമൂഹ്യസേവനം)

**9-11-2022- ലെ യോഗനടപടിക്കുറിപ്പ്**

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2022 നവംബർ മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ ബിന്ദു ഹാജരായിരുന്നു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. ആൻസലൻ, എം. എൽ. എ.
2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം. എൽ. എ.
3. ശ്രീ. ഒ. ആർ. കേളു, എം. എൽ. എ.
4. ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.
5. ശ്രീ. എം. നൗഷാദ്, എം. എൽ. എ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം:

1. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം.എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. അർജ്ജുൻ പാണ്ഡ്യൻ, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് & ജോയിന്റ് കമ്മീഷണർ, റവന്യൂ വകുപ്പ്
2. ശ്രീമതി അഞ്ജു കെ. എസ്., ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
3. ശ്രീമതി അഞ്ജന എം., ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
4. ശ്രീ. എം. ശശിധരൻ, അഡീഷണൽ സെക്രട്ടറി, പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ്
5. ശ്രീമതി വി. ജി. മിനിമോൾ, അഡീഷണൽ സെക്രട്ടറി, പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ്
6. ശ്രീ. ടി. കെ. സന്തോഷ് കുമാർ, അഡീഷണൽ സെക്രട്ടറി, വനിത-ശിശു വികസന വകുപ്പ്
7. ശ്രീമതി അന്ന എസ്. നായർ, അസിസ്റ്റന്റ് കമ്മീഷണർ, റവന്യൂ വകുപ്പ്
8. ശ്രീമതി സോണിയ വാഷിംഗ്ടൺ, മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ
9. ശ്രീമതി ടി. കെ. ജയശ്രീ, സെക്രട്ടറി, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ്
10. ശ്രീമതി എസ്. ശ്രീകല, ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
11. ശ്രീ. വൈ.ഇക്ബാൽ, ജോയിന്റ് സെക്രട്ടറി, വനിത-ശിശു വികസന വകുപ്പ്
12. ശ്രീമതി ബിന്ദു ഗോപിനാഥ്, അഡീഷണൽ ഡയറക്ടർ, വനിത-ശിശു വികസന വകുപ്പ്
13. ശ്രീമതി ഡി. അംബിക ദേവി, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് സോഷ്യൽ ജസ്റ്റിസ്
14. ശ്രീമതി എ. ആർ. ബിന്ദു, ഫിനാൻസ് ഓഫീസർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
15. ശ്രീ. സി. കെ. കൃഷ്ണകുമാർ, ഫിനാൻസ് ഓഫീസർ, പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്
16. ശ്രീമതി എം. എസ്. ലത, ഫിനാൻസ് ഓഫീസർ, ബാലാവകാശ കമ്മീഷൻ
17. ശ്രീ. കെ. ജയശങ്കർ, ഡെപ്യൂട്ടി തഹസീൽദാർ, പാലക്കാട് കളക്ടറേറ്റ്
18. ശ്രീമതി എസ്. ജലജ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

സമിതി 2016-17, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ, എസ്.ആർ.ഒ., ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള കുറിപ്പ് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നം. 3334/സബ്.സി.ജി2/2019/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 7,8,9,11 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി വികസന വകുപ്പും ഖണ്ഡിക 17, 18, 24, 29, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പും ഖണ്ഡിക 31,32,33,35,36,39 എന്നിവയിലെ ശിപാർശകളിന്മേൽ വനിതാശിശുവികസന വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 18 മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത ശിപാർശയിന്മേൽ അധികതുക അനുവദിച്ചിട്ടില്ല എന്ന മറുപടി തരുന്നതിന് മാത്രം മൂന്നുവർഷത്തോളം കാലതാമസമുണ്ടായതിന്റെ കാരണം ആരാഞ്ഞു.

ഫയൽ സബ്മിഷനിൽ കാലതാമസമുണ്ടായതു കാരണമെന്ന സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി അറിയിക്കുകുകയും സമിതിയുടെ ആദ്യ യോഗത്തിൽത്തന്നെ പെൻഡിംഗുകൾ തീർപ്പാക്കണമെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു.

നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കാത്തതിനുള്ള കാരണം സംബന്ധിച്ച് വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ പരിശോധിച്ച സമിതി 'ഫയലുകൾ പരിശോധിക്കുന്നതിനും പ്രസ്തുത ഫയലുകളിലെ നടപടി പൂർത്തിയാക്കുന്നതിലും വന്ന കാലതാമസത്താലാണ് യഥാസമയം മറുപടി നൽകാൻ കഴിയാതിരുന്നത് എന്ന വിശദീകരണമാണ് വകുപ്പുകളിൽനിന്നും ലഭിക്കുന്നതെന്നും ഇത് വർഷങ്ങളായി തുടർന്നുവരുന്ന രീതിയാണെന്നും ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും കാലതാമസം കൂടാതെ റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകി.

2. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 7-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ പട്ടികജാതി വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും

(ഫയൽ നം. 4411/സബ്.സി.ജി2/2016/നി.സെ.)

പ്രസ്തുത ശീർഷകത്തിൽ 12 കോടി രൂപ അധികമായി വകയിരുത്തണമെന്നായിരുന്നു സമിതി ശിപാർശ ചെയ്തിരുന്നതെന്നും ബഡ്ജറ്റ് വിഹിതത്തിന് പുറമേ 15 കോടി രൂപ അഡീഷണൽ ഓതറൈസേഷനിലൂടെ വകുപ്പിന് ലഭ്യമായതിൽ 6 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

2016-17 വർഷം കോഴ്സിനുചേർന്ന വിദ്യാർത്ഥികൾ ഇപ്പോൾ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടാകാമെന്ന് അഭിപ്രായപ്പെട്ട സമിതി കോഴ്സ് കഴിഞ്ഞുപോയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനത്തിൽ കൊടുക്കാനുള്ള കുടിശ്ശിക ഇപ്പോഴാണോ നൽകുന്നതെന്ന് ആരാഞ്ഞു. 2016-17 സാമ്പത്തിക വർഷം 42,000 രൂപയായിരുന്നു വാർഷിക വരുമാന പരിധിയായി നിശ്ചയിച്ചിരുന്നതെന്നും പിന്നീടത് ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചപ്പോൾ നിരവധി അപേക്ഷകൾ വന്നതിനാലാണ് കുടിശ്ശികയായതെന്നും. 2020 വരെയുള്ള കുടിശ്ശിക ഏകദേശം തീർന്നിട്ടുണ്ടെന്നും. അതിനുശേഷമുള്ളതും ധനകാര്യ വകുപ്പിന്റെ സീലിംഗ് മാറുന്നതോടുകൂടി തീർക്കാൻ സാധിക്കുമെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

കുട്ടികൾ പഠിക്കുന്ന സമയത്ത് ലഭിക്കേണ്ട സ്കോളർഷിപ്പ് പിന്നീട് ലഭിക്കുന്നതുകൊണ്ട് പ്രയോജനമില്ലല്ലോയെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിന്റെ വാർഷിക വരുമാന പരിധി 42000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചപ്പോൾ കുട്ടികളുടെ എണ്ണത്തിലും അതിനാനുപാതികമായി വർദ്ധനവുണ്ടായെന്നും എന്നാൽ ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരാത്തതിനാൽ ഏകദേശം 213 കോടി രൂപയോളം കുടിശ്ശിക വന്നുവെന്നും ഈ വർഷത്തോടുകൂടി എല്ലാം അപ്ഡേറ്റ് ചെയ്യാനുള്ള നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക പരിഗണിക്കവെ മന്ത്രി ചെയർമാനായിട്ടുള്ള സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽപ്പോലും ഇത്രയും കാലതാമസമുണ്ടാകുന്നത് ന്യായീകരിക്കാനാവാത്തതാണെന്നും ബഹു. മുഖ്യമന്ത്രി പറഞ്ഞതുപോലെ ഓരോ ഫയലും ഓരോ ജീവിതമാണെന്നും ആ ഗൗരവത്തിൽ ഫയലുകൾ തീർപ്പാക്കാൻ കഴിയണമെന്നും ലഭ്യമാക്കേണ്ട റിപ്പോർട്ടുകൾ കാലതാമസം കൂടാതെ നൽകാൻ ശ്രദ്ധിക്കണമെന്നും സമിതി വകുപ്പുദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയതിനെത്തുടർന്ന് റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഉറപ്പ് നൽകി.

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

3. ആദിവാസി ഭൂമിപ്രശ്നം സംബന്ധിച്ച് സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

(ഫയൽ നം.46/സബ്.സി.ജി2/2017/നി.സെ.)

1975-ലെ The Kerala Scheduled Tribes (Restriction on Transfer of Land and Restoration of Alienated Land) Act 1999-ൽ ഭേദഗതി ചെയ്തതുപ്രകാരം അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ അഞ്ച് ഏക്കർ കഴിച്ചുള്ള ഭൂമി തിരിച്ചുകൊടുക്കണമെന്നുള്ള വ്യവസ്ഥ പ്രായോഗികമാക്കുന്നതിനും ഇപ്രകാരം ഭൂമി കൈവശമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി തുടർനടപടികളെക്കുറിച്ച് ആലോചിക്കണമെന്ന സബ്ജക്ട് കമ്മിറ്റി നിർദ്ദേശ പ്രകാരം കണക്കെടുത്തതിൽ നാല് ജില്ലകളിലാണ് പ്രസ്തുത ആക്റ്റ് പ്രകാരം അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ ഉള്ളതായി കണ്ടെത്തിയതെന്നും കോട്ടയം ജില്ലയിൽ 1- ഉം പാലക്കാട് ജില്ലയിൽ 56- ഉം വയനാട് ജില്ലയിൽ 15- ഉം കാസർഗോഡ് ജില്ലയിൽ 4-ഉം എന്നിങ്ങനെയാണ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും നിയമപരമായ നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഏകദേശം അൻപത് വർഷങ്ങൾക്കുമുമ്പുള്ള കേസ്സായതുകൊണ്ട് ആദിവാസികളുടെ ഭൂമിയുടെ കൈവശാവകാശം കണ്ടുപിടിക്കാനും സ്ഥലം പല പ്ലോട്ടുകളായി വിഭജിച്ച് വിറ്റുപോയിട്ടുള്ളതിനാൽ അവ വെരിഫൈ ചെയ്യാനും ഹിയറിംഗ് നടത്താനും കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ടെന്നും കോട്ടയം ജില്ലയിലെ കേസ്സിൽ എത്രയും വേഗം നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ പാലാ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വയനാട് ജില്ലയിൽ വെരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നും. ഹിയറിംഗിനുശേഷം റിപ്പോർട്ട് സമർപ്പിക്കാമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ടെന്നും പാലക്കാട് ജില്ലയിലും, കാസർഗോഡ് ജില്ലയിലും ഹിയറിംഗും വെരിഫിക്കേഷനും നടത്താൻ കൂടുതൽ സമയം ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടിരിക്കുകയാണെന്നും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി. ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമിക്കുപകരം ഭൂമി നൽകണമെന്ന് നിയമത്തിൽ പറയുന്നുണ്ടെന്നും തിരിച്ചെടുക്കാൻ കഴിയുന്ന സ്ഥലങ്ങളുടെ കൃത്യമായ കണക്കെടുക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകാമെന്നും റവന്യൂ വകുപ്പ് ജോയിന്റ് കമ്മീഷണർ കൂടിയായ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

1975-ലെ നിയമമനുസരിച്ച് ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചു നൽകുന്നത് അസാദ്ധ്യമാണെന്ന് മനസ്സിലായപ്പോഴാണ് 1999-ലെ നിയമമനുസരിച്ച് 5 ഏക്കറിൽക്കൂടുതൽ കൈവശമുള്ള ഭൂമി പിടിച്ചെടുത്ത് ആദിവാസികൾക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തതെന്നും അങ്ങനെ കണ്ടെത്തിയതിൽ ഒരേക്കർ ഭൂമിപോലും തിരിച്ചുനൽകാൻ സാധിക്കാത്തത് ഭൂമിയെല്ലാം വിഭജിച്ചുപോയതു കാരണമാണെന്നും യഥാർത്ഥ വില നൽകി

വാങ്ങിയ ആളുകളുടെ പക്കൽ നിന്നും അത് പിടിച്ചെടുക്കാൻ കഴിയുമോ എന്നുള്ളത് വലിയൊരു പ്രശ്നമാണെന്നും ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി കൊടുക്കാൻ കഴിയുന്ന സംവിധാനത്തെപ്പറ്റി ആലോചിക്കുന്നതാണ് ഉചിതമെന്നും സമിതി അഭിപ്രായപ്പെട്ടു.

അങ്ങനെ പിടിച്ചെടുക്കാൻ ശ്രമിച്ചാൽ ധാരാളം കോടതി കേസുകൾ വരാൻ സാദ്ധ്യതയുണ്ടെന്നും പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകളിൽനിന്നും ഹിയറിംഗ് നടത്തേണ്ടതുണ്ടെന്നും 1960 മുതൽ 1986 വരെ കാലഘട്ടത്തിലുള്ള ഭൂമി കണ്ടെത്തി അതിൽ ഉൾപ്പെടുന്നവരെ മുഴുവൻ കുടിയൊഴിപ്പിക്കേണ്ടതായി വരുമെന്നും പാലക്കാട് ഡെപ്യൂട്ടി തഹസീൽദാർ വിശദീകരിച്ചു.

കണ്ടെത്തിയ ഭൂമിപോലും തിരിച്ചുപിടിച്ച് ആദിവാസികൾക്ക് നൽകാൻ സാധിക്കാത്തതിന്റെ കാരണമെന്തെന്ന് സമിതി ആരാഞ്ഞതിന് ഭൂമിയുടെ ഐഡന്റിഫിക്കേഷനാണ് ഇതിൽ ബുദ്ധിമുട്ടായി വരുന്നതെന്നും. അട്ടപ്പാടിയിൽ കുറച്ച് ഭൂമി ആദിവാസികൾക്ക് തിരിച്ച് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചുകിട്ടാനുള്ള സാദ്ധ്യത കുറവായതിനാൽ അവർക്ക് നഷ്ടപ്പെട്ട ഭൂമിക്കു പകരം ഭൂമി നൽകാനുള്ള പ്രൊവിഷൻ 1999-ലെ നിയമത്തിലുണ്ടെന്നും അതനുസരിച്ച് അവർക്ക് വേറെ എവിടെയെങ്കിലും ഭൂമി നൽകാൻ കഴിയുമോ എന്നതുകൂടി പരിശോധിക്കണമെന്നും അധികമുള്ള ഭൂമി ആദ്യം കണ്ടെത്തണമെന്നും അതിനുശേഷം ആദിവാസികൾക്ക് കൊടുക്കാൻ കഴിയുന്നത്, ഇതുവരെ കൊടുത്തത് തുടങ്ങിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി.

4. കേരള വനിതാ കമ്മീഷന്റെ പ്രവർത്തനം-സമിതിയുടെ ശിപാർശകളിന്മേൽ വനിതാശിശുവികസന വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി

(ഫയൽ നം. 4435/സബ്.സി. ജി2/2017/നി.സെ.)

സമിതിയുടെ ശിപാർശകളിന്മേൽ വിഷയം സർക്കാരിന്റെ പരിഗണനയിലാണ് എന്ന റിപ്പോർട്ടാണ് വകുപ്പിൽനിന്നും നൽകിയിരിക്കുന്നതെന്നും സർക്കാരിന്റെ പരിഗണനയിലാണെന്ന് പറയുമ്പോൾ നിലവിൽ ഈ ഫയൽ ഏത് ഘട്ടത്തിലാണെന്ന വ്യക്തമായ മറുപടിയായിരുന്നു നൽകേണ്ടിയിരുന്നതെന്നും സമിതി സൂചിപ്പിച്ചു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ/പ്രോജക്ട് ഓഫീസേഴ്സ് എന്നിവരിൽ ഡൊമെസ്റ്റിക് വയലൻസ്, അബ്യൂസ് തുടങ്ങിയ വിഷയങ്ങളിൽ ഡോക്ടറേറ്റുണ്ടെങ്കിൽ അവരിലൊരാളെ വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കണമെന്ന സമിതിയുടെ 2018-ലെ ശിപാർശയിന്മേൽ ഇതുവരെ നടപടിയുണ്ടാകാത്തതിന്റെ കാരണം സമിതി ആരാഞ്ഞു.

സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണെങ്കിൽ ഭാവിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്താമെന്ന് വനിതാ കമ്മീഷൻ സർക്കാരിന് മറുപടി നൽകിയിരുന്നുവെന്ന് കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഐ.സി.ഡി.എസ്. ഓഫീസിൽ ജോലി ചെയ്യുന്നവരിൽ ഡോക്ടറേറ്റുള്ള ആരെയെങ്കിലും വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കണമെന്നതായിരുന്നു സമിതിയുടെ ശിപാർശയെന്നും അതിന്റെ ആവശ്യമുണ്ടോ ഇല്ലയോ എന്നാണ് ആദ്യം തീരുമാനിക്കേണ്ടതെന്നും സാങ്കേതിക തടസ്സമുണ്ടെങ്കിൽ അക്കാര്യം മറുപടിയായി നൽകാമായിരുന്നുവെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

ഏതൊക്കെ തസ്തികകളിലാണ് ഡെപ്യൂട്ടേഷൻ വഴി നിയമിക്കേണ്ടത് എന്നതു സംബന്ധിച്ച അധിക വിവരം വനിതാ-ശിശു വികസന ഡയറക്ടറോട് ചോദിച്ചിരിക്കുകയാണെന്നും മറുപടി താമസംവിനാ ലഭ്യമാക്കാമെന്നും വനിതാ ശിശുവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

ജാഗ്രതാ സമിതികളുടെ പ്രവർത്തനം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ജില്ലാ പഞ്ചായത്തുകളിലെ ജാഗ്രതാസമിതിയുടെ കൺവീനർ സാമൂഹ്യനീതി ഓഫീസറായിരുന്നുവെന്നും എന്നാൽ വകുപ്പിന്റെ വിഭജനത്തെത്തുടർന്ന് കൺവീനറായി വനിത-ശിശുവികസന ഓഫീസറെ നിയമിക്കണമെന്നും മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും നേരത്തെയുള്ളതുപോലെ ഐ.സി.ഡി. എസ്. സൂപ്പർവൈസർ തുടരാനുമാണ് ഡയറക്ടറേറ്റിൽനിന്നും മറുപടി ലഭിച്ചതെന്നും വനിത-ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. അങ്ങനെയൊരു ഭേദഗതി ഡയറക്ടറേറ്റിൽനിന്നും അറിയിച്ചിട്ടും സമിതിക്ക് ഇത്രയും നിരുത്തരവാദപരമായി മറുപടി നൽകിയതിൽ സമിതി അതൃപ്തി അറിയിച്ചു.

നിലവിലുള്ള ജാഗ്രതാ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള ജാഗ്രതാ സമിതികളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നായിരുന്നു സമിതിയുടെ നിർദ്ദേശമെന്നും അതനുസരിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ആരാഞ്ഞു.

ജാഗ്രതാ സമിതിയുമായി ബന്ധപ്പെട്ട് 31-01-2019-ൽ സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജാഗ്രതാ സമിതികൾ പുനരുജ്ജീവിപ്പിക്കുന്നതിനായി പഞ്ചായത്ത് രാജ് ആക്ടുമായി ബന്ധപ്പെട്ട് ഭേദഗതി ആവശ്യമുണ്ടെങ്കിൽ അത് തയ്യാറാക്കുന്നതിനായി വനിത-ശിശുവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും ജാഗ്രതാ സമിതികൾക്ക് അക്കൗണ്ടബിലിറ്റി വരുത്തുന്നതിനായി ജില്ലാ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുകയും ഓരോ മാസവും അവരുടെ റിപ്പോർട്ട്

നേരിട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ജാഗ്രതാ സമിതിയുടെ പുതുതായി തയ്യാറാക്കിയ മാർഗനിർദ്ദേശങ്ങൾ വനിത-ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നും. തുടർ നടപടികൾ സ്വീകരിക്കേണ്ടത് അവരാണെന്നും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി മറുപടി നൽകി.

ഇതുസംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പും ലോക്കൽ ബോഡീസും സംയുക്തയോഗം ചേർന്ന് പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിരുന്നുവെന്നും അതിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും സമിതി ആരാഞ്ഞതിന് വകുപ്പിൽ നിന്നും മറുപടി ലഭിച്ചില്ല.

സമിതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അതിൽ വ്യക്തതയുണ്ടാകണമെന്നും പ്രസ്തുത ശിപാർശകളിന്മേലുള്ള അന്തിമ മറുപടി അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി.

5. <u>കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചട്ടങ്ങൾ തിരുത്തൽ വിജ്ഞാപനം -സാധൂകരണം-സംബന്ധിച്ച്.</u>

(ഫ.നം. 12999/സബ്.സി ജി2/2022/നി.സെ.)

എസ്. ആർ. ഒ നമ്പർ 612/2022 പ്രകാരം 2022 മേയ് 18- ന് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ച നടപടി സമിതി സാധൂകരിച്ചു.

II. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം</u>

6. <u>വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്</u>

സമിതിയുടെ പരിഗണനയിൽ വരുന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ 2017-18, 2018-19, 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് സാമൂഹ്യനീതി വകുപ്പും 2018-19, 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് പൊതുഭരണ (ഏകോപനം) വകുപ്പും ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി അറിയിക്കുകയും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്നും റിപ്പോർട്ട് നൽകാൻ കാലതാമസമുണ്ടായതിന്റെ വിശദീകരണവും നൽകാൻ ആവശ്യപ്പെടണമെന്നും നിർദ്ദേശിച്ചു.

ഉച്ചയ്ക്കുശേഷം 12.40-ന് യോഗം അവസാനിച്ചു.

# പതിനഞ്ചാം കേരളനിയമസഭ

## സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## 15-02-2023 -ലെ യോഗനടപടിക്കുറിപ്പ്

പതിനഞ്ചാം കേരളനിയമസഭയുടെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2023 ഫെബ്രുവരി 15-ാം തീയതി (ബുധനാഴ്ച) രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ ബിന്ദു വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. ആൻസലൻ, എം. എൽ. എ.
2. ശ്രീ. ഒ. ആർ. കേളു, എം. എൽ. എ.
3. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.
2. ശ്രീമതി ശാന്തകുമാരി കെ., എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ജി. മാത്യുക്കുട്ടി, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പ്രശാന്ത് എൻ., സ്പെഷ്യൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്
2. ശ്രീമതി മിനിമോൾ വി. ജി., അഡീഷണൽ സെക്രട്ടറി, പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ്

3. ശ്രീ. ജി. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

4. ശ്രീ. വി. സുശീൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

5. ശ്രീമതി അഞ്ജു കെ. എസ്., ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

6. ശ്രീ. അർജ്ജുൻ പാണ്ഡ്യൻ, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

7. ഡോ. വിനയ് ഗോയൽ, ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്

8. ശ്രീ. ബാബുരാജ് ബി., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

9. ശ്രീ. ദേവിദാസ് എൻ., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

10. ശ്രീ. വി. സജീവ്, അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

11. ശ്രീ. ജി. സിദ്ധാർത്ഥൻ, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്

12. ശ്രീ. കൃഷ്ണപ്രകാശ് കെ., ഡെപ്യൂട്ടി ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

13. ശ്രീ. പ്രകാശൻ എം. പി., ഫിനാൻസ് ഓഫീസർ, കിർത്താഡ്സ്

14. ശ്രീമതി ഷെറിൻ ജെ. ടൈറ്റസ്, അണ്ടർ സെക്രട്ടറി, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ

15. ശ്രീ. സജു എസ്., അസിസ്റ്റന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

16. ശ്രീ. ബിപിൻദാസ് വൈ., അസിസ്റ്റന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

17. ശ്രീ. റോഫിൻ കെ. ആർ., സീനിയർ സൂപ്രണ്ട്, പിന്നാക്ക വിഭാഗ വികസന വകുപ്പ്

18. ശ്രീ. വിജിൻകുമാർ വി. ജൂനിയർ സൂപ്രണ്ട്, പട്ടികവർഗ്ഗ വികസന വകുപ്പ്

സമിതി 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ

വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

**പട്ടികജാതി വികസന വകുപ്പ്**

2225-01-102-91—വാത്സല്യ നിധി

പദ്ധതി കഴിഞ്ഞ വർഷം നടപ്പാക്കാൻ സാധിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു.

കഴിഞ്ഞ വർഷം പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റ് വിഹിതം 15 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ധാരണയിലെത്താൻ സാധിക്കാത്തതുമൂലം തുക ചെലവഴിക്കാൻ സാധിച്ചിരുന്നില്ലെന്നും, പ്രസ്തുത സ്കീം പ്രകാരം നാല് ഗഡുക്കളായി 1,38,000 രൂപ വകുപ്പ് നിക്ഷേപിച്ചാൽ പെൺകുട്ടികൾക്ക് 18 വയസ്സാകുമ്പോൾ 3 ലക്ഷം രൂപയും കൂടാതെ രക്ഷകർത്താക്കളോ കുട്ടികളോ മരണപ്പെട്ടാൽ ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കുമായിരുന്ന പദ്ധതിയിൽ നിന്നും കേന്ദ്ര സർക്കാർ പിൻവാങ്ങിയതുകൊണ്ട് എൽ.ഐ.സി.-യും അതിൽനിന്ന് പിന്മാറുകയാണുണ്ടായതെന്നും ഇക്കാര്യവുമായി ബന്ധപ്പെട്ട് എൽ.ഐ.സി.-യുമായി നിരവധി തവണ ചർച്ചകൾ നടത്തിയതിന്റെയടിസ്ഥാനത്തിൽ പദ്ധതി മുന്നോട്ട്കോണ്ടുപോകുവാൻ ഒരു തീരുമാനത്തിൽ എത്തിയിട്ടുണ്ടെന്നും ഈ വർഷം സ്കീമിൽ ചേർന്ന 15000 കുട്ടികൾക്ക് ആദ്യഗഡു ധനസഹായം അനുവദിക്കുന്നതിനും ആദ്യ ഗഡു തുക അനുവദിച്ചവർക്ക് രണ്ടാം ഗഡു നൽകുന്നതിനും 2023-24 സാമ്പത്തികവർഷം 30 കോടി രൂപ ആവശ്യമായി വരുമെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

ഈ വർഷം സ്കീമിൽ ചേർന്ന കുട്ടികൾക്ക് നൽകാനുള്ളതും കുടിശ്ശിക കൊടുക്കാനുള്ള തുമായ തുകകൾ ചേർത്ത് അടുത്ത വർഷത്തേയ്ക്ക് കൂടുതൽ തുക വേണ്ടിവരുന്നതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-01-102-97—പട്ടികജാതി യുവതികളുടെ വിവാഹത്തിനായുള്ള ധനസഹായം

വിവാഹധനസഹായത്തിനായി കഴിഞ്ഞ വർഷം ലഭിച്ച അപേക്ഷകളിൽ തീർപ്പുകൽ പ്പിക്കാൻ ബാക്കിയുള്ളതിനാലും 75000 രൂപയായിരുന്ന വിവാഹ ധനസഹായം 1,25,000 രൂപയായി വർദ്ധിപ്പിച്ചതിനാലുമാണ് അധിക തുക ആവശ്യപ്പെടുന്നത് എന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

അപേക്ഷകൾ യഥാസമയം തീർപ്പാക്കാൻ കഴിയാതെ വരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അലംഭാവംമൂലമാണോ ഫണ്ടിന്റെ ലഭ്യതക്കുറവാണോയെന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

കഴിഞ്ഞ വർഷം അഡീഷണൽ ആതറൈസേഷൻവഴി 41 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭിക്കാത്തതിനാലാണ് യഥാസമയം അപേക്ഷകർക്ക് ആനുകൂല്യം നൽകാൻ സാധിക്കാതിരുന്നതെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ വിശദീകരിച്ചു. ഈ ശീർഷകത്തിൽ 40.61 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-01-277-53 —<u>പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം</u>

മുൻവർഷങ്ങളിൽ ഈ പദ്ധതിക്ക് അഡീഷണൽ സ്റ്റേറ്റ് അലവൻസ്, സ്റ്റേറ്റ് ഷെയർ, സെൻട്രൽ ഷെയർ എന്നിങ്ങനെ മൂന്ന് ഹെഡ്ഡുണ്ടായിരുന്നുവെന്നും ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന സ്കോളർഷിപ്പ് തുക ട്രഷറിയുടെ ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ വരാതെ എസ്.എൻ.എ. (Single Nodal Account)വഴി കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയാണെന്നും അതിനാൽ ഈ വർഷത്തെ ബഡ്ജറ്റിൽ മൂന്ന് കമ്പോണന്റ്സും ഒരുമിച്ച് ഒരു ഹെഡ്ഡിലേയ്ക്കാണ് പ്രൊപ്പോസ് ചെയ്തതെന്നും കഴിഞ്ഞ വർഷം മൂന്ന് ഹെഡ്ഡുകളിലുമായി 215 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഈ വർഷം ഒരു ഹെഡ്ഡായപ്പോൾ 103 കോടി രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നതെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പട്ടികജാതിവിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി പ്രതിവർഷം ഏകദേശം 1,85,000 വിദ്യാർത്ഥികൾ അപേക്ഷിക്കുന്നുണ്ടെന്നും ഇതിൽ 2.5 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാന പരിധിയിലുള്ള 1,26,000 വിദ്യാർത്ഥികൾ മാത്രമേ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുള്ളുവെന്നും കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് സംസ്ഥാന ധനസഹായം നൽകുന്നതിനും, കേന്ദ്ര സഹായം ലഭിക്കുന്നവർക്ക് ആയത് സംസ്ഥാന ധനസഹായത്തിന്റെ നിരക്കിൽ ലഭ്യമാക്കുന്നതിനും, ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 112 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2225-01-277-58—<u>വെള്ളായണി- അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പരിപാലനം</u>

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മെസ്സ് ചാർജ്ജിനത്തിൽ അനുവദിക്കുന്ന തുകയിൽ 25% വർദ്ധനവ് വരുത്തി സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന്

സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2225-01-282-96-34-3—<u>ആരോഗ്യ സംരക്ഷണ പദ്ധതി / മറ്റ് ചെലവുകൾ-മറ്റിനം</u>

മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000 രൂപയിൽ താഴെ വാർഷികവരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യസുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ വരെ ചികിത്സാ ധനസഹായവും ഏകവരുമാനദായകൻ മരണമടഞ്ഞ പട്ടികജാതി കുടുംബങ്ങൾക്ക് 2,00,000 രൂപ വരെ ധനസഹായവും അനുവദിച്ചു വരുന്ന ഈ പദ്ധതിയിൽ ഫണ്ടിന്റെ അപര്യാപ്തതമൂലമുള്ള മുൻ വർഷങ്ങളിലെ കുടിശ്ശികയും അപേക്ഷകരുടെ ക്രമാതീതമായ വർദ്ധനവും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-01-283-89—<u>ഭവനരഹിതർക്ക് ഭവനം</u>

ഭവനപൂർത്തീകരണ പദ്ധതി സേഫ് എന്ന പേരിൽ സഹായ തുക 2,00,000 രൂപയായി വർദ്ധിപ്പിച്ച് നടപ്പിലാക്കിയതിനാലും, പഠനമുറി, ഭവന പൂർത്തീകരണം, സ്പിൽ ഓവർ വീടുകളുടെ നിർമാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-01-800-86—<u>1955- ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം</u>

പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്ട്, പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം എന്നിവ നടപ്പിലാക്കുന്നതിനും അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ധനസഹായം, മിശ്രവിവാഹ ധനസഹായം തുടങ്ങിയ ആവശ്യങ്ങൾക്കും വേണ്ടിയുള്ള ഹെഡ്ഡാണിതെന്നും മിശ്രവിവാഹ ധനസഹായവും അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസധനസഹായവും ഫണ്ടിന്റെ അപര്യാപ്തത കാരണം യഥാസമയം വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യമാണെന്നും ചാർജ് ഷീറ്റ് ഫയൽ ചെയ്ത ധാരാളം കേസുകളിൽ വിക്ടിംസിന് കോമ്പൻസേഷൻ കൊടുക്കാൻ കുടിശ്ശികയുണ്ടെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് നിലവിൽ 19 കോടി രൂപയിലധികവും മിശ്രവിവാഹ ധനസഹായ കുടിശ്ശിക വിതരണം ചെയ്യുന്നതിന് 35 കോടി രൂപയിലധികവും ആവശ്യമായതിനാൽ 2225-01-800-86-01 എന്ന ശീർഷകത്തിൽ 9.22 കോടി രൂപയും 2225-01-800-86-02 എന്ന ശീർഷകത്തിൽ 9.22 കോടി രൂപയും ഉൾപ്പെടെ 18.44 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4225-01-277-89—<u>പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണം</u>

പാലക്കാട് മെഡിക്കൽ കോളേജിൽ നിലവിൽ നിർമാണം പൂർത്തിയായ വർക്കുകളുമായി ബന്ധപ്പെട്ട് 50 കോടിയുടെ ബില്ലുകൾ പെന്റിംഗിലുള്ളതിനാലും ഇനിയും നിർമാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ളതിനാലും ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-01-277-54—<u>പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ</u>

പാലക്കാട് മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും മറ്റ് ഭരണപരമായ ചെലവുകൾക്കുമുള്ള തുക പ്ലാൻ ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ചുവരുന്നതെന്നും ടി തുക നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതുണ്ടെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-800-99-12—<u>മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ശരാശരി 30 കോടി രൂപ പ്രതിവർഷം ആവശ്യമായിരിക്കെ പ്രസ്തുത ആവശ്യത്തിനായി എല്ലാ വർഷവും ബഡ്ജറ്റിൽ 16 കോടി രൂപ മാത്രമാണ് വകയിരുത്തുന്നതെന്നും ഇതു കാരണം ഓരോ വർഷത്തെയും സ്കോളർഷിപ്പ് തുക പൂർണ്ണമായികൊടുത്തു തീർക്കുന്നതിനു കഴിയാത്ത സാഹചര്യമാണെന്നും കുടിശ്ശികയായി 61.66 കോടി രൂപ വിദ്യാർത്ഥികൾക്ക് നൽകാനുണ്ടെന്നും പട്ടികജാതി വികസന വകുപ്പ്

ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 45.66 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**പട്ടികവർഗ്ഗ വികസന വകുപ്പ്**

2225-02-102-93—<u>ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്)</u>

പട്ടികവർഗ്ഗ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളിൽ നിർണ്ണായക സാമ്പത്തിക പദ്ധതിതല വിടവുകൾ ഉണ്ടാകുമ്പോൾ ഒരു ഗ്യാപ് ഫില്ലിംഗ് ആയി പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള പ്രസ്തുത പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ പല പദ്ധതികൾക്കും തുക സ്പിൽ ഓവർ ആയി 2023-24 സാമ്പത്തിക വർഷം അനുവദിക്കേണ്ട സാഹചര്യം ഉള്ളതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തിരുമാനിച്ചു.

2225-02-277-99-12—<u>മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും.</u>

സംസ്ഥാനത്തെ പത്താംക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും അനുവദിച്ച് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തിരുമാനിച്ചു.

2225-02-277-94-34 —<u>ഗിരിവർഗ്ഗ ഹോസ്റ്റൽ- മറ്റു ചെലവുകൾ-മറ്റിനം</u>

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 108 പ്രീമെട്രിക് ഹോസ്റ്റലുകളിലെ ഭക്ഷണചെലവുകൾ ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ വർദ്ധിച്ചതിനാലും, 2022-23 സാമ്പത്തിക വർഷത്തെ കുടിശ്ശിക തീർക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-277-73-34—പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ- മറ്റു ചെലവുകൾ

പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിലെ ദൈനംദിന ചെലവുകൾക്കുള്ള തുക വഹിക്കുന്ന ഈ ശീർഷകത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷം പുതുതായി ആരംഭിച്ച 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ചെലവുകൾ കൂടി വഹിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 65.54 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഹോസ്റ്റലുകളുടെ അറ്റകുറ്റപണികൾക്കും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-277-40-03—വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവും ധനസഹായവും സ്കൂൾ കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള ധനസഹായം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിപ്ലോമ എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠനയാത്രയ്ക്കും വിനോദയാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതിയിൽ 2022-23 വർഷം മുതൽ എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ പി.വി.റ്റി.ജി. വിദ്യാർത്ഥികളെയും ഭാരതദർശൻ പഠനയാത്രയ്ക്ക് കൊണ്ടുപോകുന്നതിനായി തീരുമാനിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-282-92—അരിവാൾ രോഗത്തിനുള്ള ധനസഹായം

സിക്കിൾസെൽ അനീമിയ രോഗികൾക്ക് അവരുടെ ജീവിതവരുമാനം വർദ്ധിപ്പിക്കുന്നതിന് ഒറ്റത്തവണ ധനസഹായമായി 2,00,000 രൂപ അനുവദിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമായി 200 രോഗികൾക്ക് ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-282-89 —ജനനീ ജന്മരക്ഷ

പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭാവസ്ഥയിലുള്ള അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണം ലക്ഷ്യമിട്ട് ഗർഭിണിയായ ശേഷമുള്ള മൂന്ന് മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് പൂർത്തിയാകുന്നതുവരെ 2000 രൂപ വീതം ഓരോ മാസവും നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ നിലവിലുള്ള 9426 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-800-96-31—കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ-സഹായധനം-ശമ്പളം

കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.2123 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**കിർത്താഡ്സ്**

2225-02-800-56—ആദികലാ ഗ്രാമം

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ആദികലാ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-001-95 : കിർത്താഡ്സ്- ഗവേഷണവും പരിശീലനവും

ഗവേഷണത്തിന്റെയും പരിശീലനത്തിന്റെയും ഭാഗമായി 2023-24 സാമ്പത്തിക വർഷത്തേക്ക് സമർപ്പിച്ച വാർഷിക പദ്ധതികളിൽ 1.45 കോടി രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നതിനാൽ അധിക തുക അനുവദിക്കണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കിർത്താഡ്സുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ ലഭിക്കുന്നുണ്ടെന്നും നിരവധി കത്തിടപാടുകൾ നടത്തിയിട്ടും വ്യക്തമായ മറുപടി ലഭ്യമാക്കുന്നില്ലെന്ന മാത്രല്ല പ്രതികരിക്കാത്ത രീതിയാണ്

പൊതുവിൽ കാണപ്പെടുന്നതെന്നും ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ചും ധാരാളം പരാതികൾ ലഭിക്കുന്നുണ്ടെന്നും. ക്രിയാത്മകമല്ലാത്ത തരത്തിലാണ് കിർത്താഡ്സ് പ്രവർത്തിക്കുന്നതെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു.

കിർത്താഡ്സിൽ പുതുതായി ചാർജ്ജെടുത്ത ഡയറക്ടർ വളരെ ക്രിയാത്മകമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടെന്നും ഇപ്പോൾ കിർത്താഡ്സ് നല്ലരീതിയിൽ പ്രവർത്തിച്ച് മുന്നോട്ടുപോകുന്നുണ്ടെന്നും നേരത്തെ ജീവനക്കാരുമായി ബന്ധപ്പെട്ടും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും ഉണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിച്ചുവരികയാണെന്നും ഒരു വർഷത്തിനകം ഇക്കാര്യത്തിൽ മാറ്റം ഉണ്ടാകുമെന്ന പ്രതീക്ഷയുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4225-02-800-91—<u>കോഴിക്കോട് ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മെമ്മോറിയൽ മ്യൂസിയം സ്ഥാപിക്കൽ</u>

വയനാട് ജില്ലയിലെ ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മ്യൂസിയത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-04-1—<u>കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) യാത്രാ ചെലവുകൾ-യാത്രാബത്ത</u>

വകുപ്പിൽ 80% പേരും ഫീൽഡ് ഓഫീസർമാരാണെന്നും വിവിധ താലൂക്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ, ബഹു. ഹൈക്കോടതി എന്നിവിടങ്ങളിൽ നിന്നും വരുന്ന ജാതി സംബന്ധമായ കേസുകളുടെ സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയ്ക്കു വേണ്ടി അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാനമൊട്ടാകെ യാത്ര ചെയ്യേണ്ടി വരുന്നുണ്ടെന്നും രണ്ട് വർഷത്തോളമുള്ള യാത്രാബത്ത ഇനിയും അനുവദിക്കാനുണ്ടെന്നും അതിനാലാണ് അധിക തുക ആവശ്യപ്പെടുന്നതെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-05-1—കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ- വെള്ളക്കരം

വെള്ളക്കരം ഇനത്തിൽ വകുപ്പിന് ഒരു വർഷത്തേക്ക് 30,000 രൂപ ആവശ്യമുള്ളതിനാലും അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷനിലെ വെള്ളക്കരം ഇനത്തിൽ 84,000 രൂപ കുടിശ്ശികയുള്ളതിനാലും ഈ ശീർഷകത്തിൽ 1.04 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-05-3—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഓഫീസ്ചെലവുകൾ- ടെലിഫോൺ ചെലവ്

വകുപ്പിന് നിലവിലുള്ള മൂന്ന് ടെലിഫോൺ കണക്ഷനുകൾ, ഇ.-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷൻ, എന്നിവയുടെ ചാർജ്ജിനത്തിൽ 90,000 രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 41,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-05-4—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

കിർത്താഡ്സിലെ ക്യാമ്പസ്, കെട്ടിടങ്ങൾ എന്നിവ വൃത്തിയാക്കൽ, അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റൽ, കമ്പ്യൂട്ടർ, പഞ്ചിംഗ് സിസ്റ്റം, ഇന്റർകോം, യു.പി.എസ് .എന്നിവയ്ക്ക് എ.എം.സി. എടുക്കൽ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ലേസർ പ്രിന്റർ എന്നിവയുടെ ടോണർ മാറ്റൽ, മറ്റ് അടിയന്തര ഓഫീസ് ചെലവുകൾ തുടങ്ങിയവ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കിർത്താഡ്സിന്റെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമുള്ള ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-26—<u>കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഔദ്യോഗിക ഭാഷാ പ്രയോഗം</u>

ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനും ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-45—<u>കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -പി.ഒ.എൽ.</u>

വിവിധ പരിശീലന പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിക്കുന്നത് മൂലമുള്ള ഇന്ധനചെലവ് വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-99—<u>കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വിവരസാങ്കേതിക വിദ്യ</u>

വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും, സോഫ്റ്റ് വെയറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 99,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**പിന്നാക്കവിഭാഗ വികസന വകുപ്പ്**

4225-03-102-99—<u>കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യവികസനം</u>

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനവും തൊഴിൽ നവീകരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള ടി പദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷം പരമാവധി കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 9.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2225-03-277-99-12—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

പ്രസ്തുത പദ്ധതിയിൽ കെ.പി.സി.ആർ. പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യത്തിന്റെ നിരക്ക് നിലവിലെ നിരക്കിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാലും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്കുകളിൽ വലിയ വർദ്ധനവുണ്ടായിട്ടുള്ള സാഹചര്യത്തിലും ഈ ശിർഷകത്തിൽ 200 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-03-800-81—ഒ.ബി.സി.- യുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് 12,000 രൂപ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന പ്രസ്തുത പദ്ധതിയുടെ വാർഷികവരുമാന പരിധി 1 ലക്ഷം രൂപയിൽ നിന്നും 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്ന് സമിതി വിലയിരുത്തുകയും മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത അപേക്ഷകർക്ക് ആദ്യഗഡു ധനസഹായം അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2225-03-800-99-35—പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ മൂലധന ആസ്തികളുടെ രൂപീകരണം

കമ്മീഷന്റെ e-CDESK എന്ന വെബ് പോർട്ടൽ സംബന്ധിച്ച പ്രവർത്തനത്തിന് സി-ഡിറ്റിന് AMC തുക നൽകുന്നതിനും, കമ്മീഷനിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി കംപ്യൂട്ടർ/ലാപ് ടോപ്പ്, സ്കാനർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4225-03-190-99—കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ

ചില സാങ്കേതിക കാരണങ്ങളാൽ വിദ്യർത്ഥികൾക്ക് നൽകിവന്നിരുന്ന വിദ്യാഭ്യാസ ധനസഹായങ്ങൾ കഴിഞ്ഞ 5 വർഷമായി മുടങ്ങിക്കിടക്കുകയാണെന്നും ആയതിനും 25

കുട്ടികൾക്ക് വിദേശപഠനത്തിന് ധനസഹായം നൽകുന്നതിനും മറ്റ് ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്നും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

2023-24 സാമ്പത്തിക വർഷം ലക്ഷ്യവിഭാഗങ്ങൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ/സാമൂഹിക പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22.853 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4225-03-190-98—<u>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ</u>

സംസ്ഥാനത്തെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന പ്രസ്തുത സ്ഥാപനത്തിന് ദേശീയ ഏജൻസികളിൽ നിന്നു ലഭിക്കുന്ന തുകയ്ക്ക് 10% ആനുപാതിക വിഹിതം നൽകേണ്ടതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 44 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

4225-03-190-97—<u>കേരള സംസ്ഥാന കളിമൺപാത്രനിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ-ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ</u>

സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ഭാവി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ഉതകുന്ന വരുമാനദായകമായ പദ്ധതികളുടെ നിർവ്വഹണത്തിന് ഈ ശീർഷകത്തിൽ 3.3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

രാവിലെ 11.45 ന് യോഗം അവസാനിച്ചു.

# പതിനഞ്ചാം കേരളനിയമസഭ

## സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## 17-02-2023- ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2023 ഫെബ്രുവരി 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ ബിന്ദു വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ആൻസലൻ, എം. എൽ. എ
2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം. എൽ.എ
3. ശ്രീ. ഒ. ആർ. കേളു, എം. എൽ. എ
4. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ
5. ശ്രീ. രമേശ് ചെന്നിത്തല, എം. എൽ. എ
6. ശ്രീമതി ശാന്തകുമാരി കെ., എ. എൽ. എ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതി & വനിത-ശിശു വികസന വകുപ്പ്
2. ശ്രീമതി ആർ. താരാദേവി, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് & സൈനിക ക്ഷേമ വകുപ്പ്

3. ശ്രീ. അനിൽകുമാർ ജി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി ശ്രീകല എസ്., ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
5. ശ്രീ. എം. കെ. വിനോദ് കുമാർ, ഡി.ഐ.ജി. ഓഫ് പ്രിസൺസ് (ഹെഡ്ക്വാർട്ടേഴ്സ്)
6. ശ്രീമതി അഞ്ജന എം., ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് & എക്സിക്യൂട്ടീവ് ഡയറക്ടർ, NISH
7. ശ്രീമതി പ്രിയങ്ക ജി., ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
8. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്
9. ക്യാപ്റ്റൻ വിനോദ് മാത്യു, ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്
10. ശ്രീമതി ബിന്ദു ഗോപിനാഥ്, അഡീഷണൽ ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
11. ശ്രീ. ഷിബു എ., എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ
12. ശ്രീ. സി. ചന്ദ്രബാബു, എക്സിക്യൂട്ടീവ് ഡയറക്ടർ (ഇൻ-ചാർജ്), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR)
13. ശ്രീമതി ബിന്ദു വി. സി., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ്
14. ശ്രീ. സന്തോഷ് കുമാർ എസ്. ആർ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ് (KSWCFC)
15. ശ്രീമതി പ്രസീത കെ. സി., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് (SCPWD)
16. ശ്രീ. എൻ. സുകുമാരൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജെൻഡർ പാർക്ക്, കോഴിക്കോട്
17. ശ്രീമതി അംബിക ദേവി ഡി., സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ്
18. ശ്രീമതി മഞ്ജു എസ്. എസ്., സീനിയർ ഫിനാൻസ് ഓഫീസർ, വനിത ശിശു വികസന വകുപ്പ്

19. ശ്രീ. വിനിൽ ടി. എസ്., ഫിനാൻസ് ഓഫീസർ, NISH
20. ശ്രീമതി ഷീബ ബി. കെ., ഫിനാൻസ് ഓഫീസർ, ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് (SCPWD)
21. ശ്രീമതി ലീജ ജോസഫ്, ഫിനാൻസ് ഓഫീസർ, കേരള വനിത കമ്മീഷൻ
22. ശ്രീ. എസ്. പ്രദീപ് കുമാർ, ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്
23. ശ്രീ. രാജേഷ് പ്രകാശ്, ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഇക്കോണമിക്കലി ബാക്ക്‌വേർഡ് ക്ലാസ്സസ് എമംഗ് ഫോർവേർഡ് കമ്മ്യൂണിറ്റീസ്
24. ശ്രീമതി ബിന്ദു എ. ആർ., ഫിനാൻസ് ഓഫീസർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ
25. ശ്രീമതി ജയശ്രീ ടി. കെ., സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
26. ശ്രീ. എം. കെ. സിനുകുമാർ, മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്
27. ശ്രീമതി സോണിയ വാഷിംഗ്ടൺ, മെമ്പർ സെക്രട്ടറി, വനിതാ കമ്മീഷൻ
28. ശ്രീ. പുരുഷോത്തമൻ കെ. പി., രജിസ്ട്രാർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഇക്കോണമിക്കലി ബാക്ക്‌വേർഡ് ക്ലാസ്സസ് എമംഗ് ഫോർവേർഡ് കമ്മ്യൂണിറ്റീസ് (KSCEBCFC)
29. ശ്രീ. ശ്രീരാജ് എസ്. എസ്., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്
30. ശ്രീമതി ബിന്ദു വി., സൂപ്രണ്ട്, ശ്രീചിത്രാ ഹോം

സമിതി 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

**ആഭ്യന്തര വകുപ്പ്**

2235-02-106-98— ദുർഗ്ഗുണ പരിഹാര പാഠശാല

കാക്കനാട് സ്ഥിതി ചെയ്യുന്ന ദുർഗ്ഗുണ പരിഹാര പാഠശാലയിൽ നിലവിൽ 18- നും 21- നും ഇടയിൽ പ്രായമുള്ള 73 കുട്ടികളാണുള്ളതെന്നും മുൻകാലങ്ങളെ അപേക്ഷിച്ച് വിദ്യാർത്ഥികളുടെ എണ്ണം വളരെ കൂടുതലാണെന്നും കെട്ടിടത്തിലെ വെള്ളക്കരം, വൈദ്യുതിചാർജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്നും ജയിൽ ഡി.ഐ. ജി അറിയിച്ചു. ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-106-92—തടവുകാരുടെ ക്ഷേമം (പ്ലാൻ)

ജയിലുകളിലെ അടുക്കള നവീകരണം, ജലവിതരണ പ്രവൃത്തികൾ, മഴവെള്ള സംഭരണം, മലിനജല ശുദ്ധീകരണ പ്രവൃത്തികൾ, ടോയ്‌ലെറ്റ് നിർമ്മാണം, കെട്ടിടങ്ങളുടെ പരിപാലനം, ജനറേറ്റർ സ്ഥാപിക്കൽ, തൊഴിൽ പരിശീലന യൂണിറ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.87 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**സാമൂഹ്യനീതി വകുപ്പ്**

2235-02-101-69-10—വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം- ഫിസിക്കൽ മെഡിസിന്റെയും റിഹാബിലിറ്റേഷന്റെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള സഹായം

വൈകല്യങ്ങൾ പ്രാരംഭദിശയിൽ തന്നെ കണ്ടെത്തി ഇടപെടലുകൾ നടത്തുകയും, പരിപാലനവും പുനരധിവാസവും ഗവേഷണവും ഉൾപ്പടെയുള്ള ഉന്നത നിലവാരത്തിലുള്ള സേവനങ്ങൾ വൈകല്യങ്ങളുള്ള മുതിർന്നവർക്കും കുട്ടികൾക്കും ലഭ്യമാക്കുന്ന സ്ഥാപനമായ നിപ്മറിൽ ഭിന്നശേഷി സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായുള്ള 3D PRINTING സംവിധാനം നടപ്പാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-101-68—ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി

ഭിന്നശേഷിക്കാർക്കുള്ള യു.ഡി.ഐ.ഡി. കാർഡ് വിതരണം പൂർത്തിയാകാനുണ്ടെന്നും ധാരാളംപേർക്ക് ഇനിയും കാർഡുകൾ വിതരണം ചെയ്യാനുള്ളതിനാൽ ഇരുന്നൂറോളം ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതുണ്ടെന്നും ഒരു ക്യാമ്പിന് കുറഞ്ഞത് 50,000 രൂപ ചെലവ് വരുമെന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

വയനാട് ജില്ലയിൽ ഇത്തരം ക്യാമ്പുകൾ സംഘടിപ്പിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ലായെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടു.

ഏതൊക്കെ ജില്ലകളിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് അടിസ്ഥാനത്തിലാണോ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതെന്നും സമിതി ആരാഞ്ഞതിന് 160 ക്യാമ്പുകളാണ് ഈ വർഷം സംഘടിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും അതിൽ എല്ലാ ജില്ലകളിലുമായി 80 ക്യാമ്പുകൾ സംഘടിപ്പിച്ചു കഴിഞ്ഞുവെന്നും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ അഭാവം കാരണം എറണാകുളം, വയനാട് ജില്ലകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടെന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫിനാൻസ് ഓഫീസർ അറിയിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുകയാണെങ്കിൽ ചെലവ് കുറയ്ക്കാനും പെട്ടെന്ന് പ്രവൃത്തി പൂർത്തീകരിക്കാനും കഴിയുമെന്നും എല്ലാ ജില്ലകളിലും ബന്ധപ്പെട്ട പഞ്ചായത്തുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയാണെങ്കിൽ ഭിന്നശേഷി വിഭാഗക്കാരെ വേഗത്തിൽ കണ്ടെത്താൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിക്കണമെന്ന നിർദ്ദേശം നേരത്തെതന്നെ നൽകിയിട്ടുണ്ടെന്നും സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സമയബന്ധിതമായി പഞ്ചായത്തടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതു സംബന്ധിച്ച് പരിശോധന നടത്താമെന്നും സാമൂഹ്യനീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

1. 2235-02-101-66 - ഓട്ടിസം, സെറിബ്രൽ പാൾസി ബുദ്ധിമാന്ദ്യം, ഭിന്നവൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി- നിരാമയ

നാഷണൽ ട്രസ്റ്റ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത ഒരു ഇൻഷ്വറൻസ് സ്കീമാണിതെന്നും ഈ ഇൻഷ്വറൻസ് സ്കീമിൽ 2016-17 മുതൽ പ്രീമിയം അടയ്ക്കുന്നതും ഇൻഷ്വറൻസിന്റെ റിവ്യൂ നടത്തുന്നതും സംസ്ഥാന സർക്കാരാണെന്നും പ്രസ്തുത പദ്ധതിയിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷനുള്ളത് കേരളത്തിൽ നിന്നാണെന്നും ടി ആളുകൾക്ക് ഹോമിയോ, ആയുർവ്വേദം, ഔട്ട് പേഷ്യന്റ് ട്രീറ്റ്മെന്റിനും തുക ലഭ്യമാകുമെന്നതാണ് സ്കീമിന്റെ പ്രത്യേകതയെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചു. ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്നും വൈകല്യമുള്ളവർക്ക് ഗാർഡിയൻഷിപ്പ് അനുവദിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ നിർവ്വഹിക്കുന്നത് SNAC, LLC എന്നിവ മുഖേനയാണെന്നും അവർക്കുള്ള ഫണ്ടും ഇത്തവണ വകയിരുത്തിയിട്ടില്ലെന്നും ഡയറക്ടർ വിശദമാക്കി. LLC, SNAC പ്രവർത്തനങ്ങൾക്കും നിലവിലുള്ള നിരാമയ ഗുണഭോക്താക്കളുടെയും പുതുതായി ചേർക്കുന്ന ഗുണഭോക്താക്കളുടെയും പ്രീമിയം അടയ്ക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72(02)—<u>ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽത്തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)</u>

ആശ്വാസകിരണം പദ്ധതി വഴിയുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ലെന്ന പരാതികൾ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതിയംഗം ആരാഞ്ഞു.

ആശ്വാസകിരണം പദ്ധതിവഴിയുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ലെന്ന പരാതി അടിസ്ഥാനരഹിതമാണെന്നും കഴിഞ്ഞ 2 വർഷങ്ങളിൽ ലഭിച്ച തുക മുഴുവനും വിതരണം ചെയ്തിട്ടുണ്ടെന്നും ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ലഭിച്ചാൽ മാത്രമേ മുൻ വർഷങ്ങളിൽ കുടിശ്ശികയായിട്ടുള്ള തുക നൽകാൻ സാധിക്കുകയുള്ളുവെന്നും ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി മറുപടി നൽകി.

പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് സമിതി ആരാഞ്ഞതിന് ആകെ 92412 ഗുണഭോക്താക്കളുള്ളതിൽ 2021-ലെ ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് ആധാറും ബാങ്ക് അക്കൗണ്ടും ലൈഫ് സർട്ടിഫിക്കറ്റും ഹാജരാക്കിയ 34,965 പേർക്കുള്ള ആനുകൂല്യമാണ് ഇപ്പോൾ നൽകിയിട്ടുള്ളതെന്നും പ്രസ്തുത തെളിവുകൾ ഹാജരാക്കിയ 5000 അപേക്ഷകൾകൂടി ഇപ്പോൾ ലഭിച്ചിട്ടുണ്ടെന്നും ഈ വർഷം 15000 അപേക്ഷകർകൂടി തെളിവുകൾ ഹാജരാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും 2021 ജനുവരി മാസം വരെ മാത്രമേ ധനസഹായം വിതരണം ചെയ്തിട്ടുള്ളുവെന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫിനാൻസ് ഓഫീസർ അറിയിച്ചു.

2022-23 വർഷത്തെ ബഡ്ജറ്റ് വിഹിതമായി 42.50 കോടി അനുവദിച്ചതിൽ 10 കോടി രൂപ മാത്രമേ റിലീസ് ചെയ്തിട്ടുള്ളുവെന്നും ടി തുക മുഴുവനും ചെലവഴിച്ചുവെന്നും അടുത്ത റിലീസിനുവേണ്ടി മൂവ് ചെയ്തിട്ടുണ്ടെന്നും ഗുണഭോക്താക്കൾ കൂടുതലാകുമ്പോൾ മുൻ വർഷങ്ങളിലെ തുക കുടിശ്ശികയായി അവശേഷിക്കുന്നുണ്ടെന്നും 32.50 കോടി രൂപ കൂടി റിലീസ് ചെയ്ത് കിട്ടുകയാണെങ്കിൽ അർഹതയുള്ള ബാക്കി അപേക്ഷകൾക്കുകൂടി തുക നല്കാൻ കഴിയുമായിരുന്നുവെന്നും സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് 54 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്നതെന്നും കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്ത് കണക്ക് കാലികമാക്കാനായി 70.80 കോടി രൂപകൂടി അധികമായി ആവശ്യമാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

ഈ പദ്ധതി പ്രകാരം നിലവിലെ ഗുണഭോക്താക്കൾക്ക് കുടിശ്ശിക തീർത്ത് ധനസഹായം വിതരണം ചെയ്യുന്നതിനും, പുതുതായി പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 70.8 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72 (07)—<u>വയോമിത്രം</u>

വയോജനങ്ങൾക്കുവേണ്ടി കെ.എസ്.എസ്.എം. വഴി അനുവദിക്കുന്ന ധനസഹായ പദ്ധതിയാണിതെന്നും നിലവിലെ ബഡ്ജറ്റ് വിഹിതം 27.50 കോടി രൂപ അപര്യാപ്തമായതിനാൽ 9.4416 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്നും സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

വയോമിത്രം പദ്ധതിവഴി വയോജനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്നും എല്ലാ വികസന ബ്ലോക്കുകളിലും ഇത് പ്രവർത്തിക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞു.

സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ മൊബൈൽ ക്ലിനിക്ക് വഴി സൗജന്യ വൈദ്യപരിശോധനയും ചികിത്സയും, സൗജന്യ ആരോഗ്യ സംരക്ഷണം, ആംബുലൻസ് സൗകര്യം, പാലിയേറ്റീവ് കെയർ, കൗൺസിലിംഗ്, ഹെൽപ്പ് ഡെസ്ക് സൗകര്യം, സാമൂഹ്യ പിന്തുണയേകുന്ന പരിപാടികൾ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്നുണ്ടെന്നും ഈ പദ്ധതിക്ക് 95 യൂണിറ്റുകളാണുള്ളതെന്നും നിലവിൽ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 5 ബ്ലോക്കുകളിലുമാണ് പദ്ധതി പ്രവർത്തനം നടന്നു വരുന്നതെന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ്

ഡയറക്ടർ, സമിതിയെ അറിയിച്ചു. ഒരു ക്ലിനിക്കിന്റെ പശ്ചാത്തല സജ്ജീകരണത്തിനായി പ്രത്യേക വാഹനത്തിൽ ഒരു ഡോക്ടറുടെയും രണ്ട് നഴ്സുമാരുടെയും സേവനം ഉറപ്പുവരുത്തിയിട്ടുണ്ടെന്നും പ്രായമായവരെ വീടുകളിൽ സന്ദർശിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയാണ് ഇതിലൂടെ ചെയ്യുന്നതെന്നും അദ്ദേഹം വിശദീകരിച്ചു.

കേരളത്തിൽ വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ സേവനങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും ഇത് എല്ലാ ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടിയുണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു.

ജില്ലകളിലെ വിവിധ പഞ്ചായത്തുകളിലും ബ്ലോക്കുകളിലും വയോജനങ്ങൾക്ക് പകൽസമയം ചെലവഴിക്കുന്നതിനും പാർക്കുന്നതിനുമുള്ള 'സ്നേഹവീടുകൾ' പ്രവർത്തിച്ചു വരുന്നുണ്ടെന്നും അത്തരം കേന്ദ്രങ്ങളിൽക്കൂടി ഈ മൊബൈൽ യൂണിറ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടിയുണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു. ഇക്കാര്യം ഗൗരവമായെടുക്കാമെന്നും അത്തരം സ്ഥലങ്ങളിൽക്കൂടി ഈ ക്ലിനിക്കിന്റെ സേവനം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും സാമൂഹ്യനീതി വനിത-ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.4416 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72(10)—<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u> <u>(ശ്രുതിതരംഗം)</u>

കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി (ശ്രുതിതരംഗം) സംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുന്നുണ്ടെന്നും പ്രസ്തുത പദ്ധതിയിലേയ്ക്ക് അപേക്ഷിച്ചിട്ടും കോക്ലിയർ ഇംപ്ലാന്റേഷൻ ലഭിക്കുന്നില്ലെന്ന പരാതിക്ക് അടിസ്ഥാനമെന്താണെന്നും സമിതി ആരാഞ്ഞു.

സാമൂഹ്യനീതി വകുപ്പാണ് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി (ശ്രുതിതരംഗം) നടപ്പാക്കിക്കൊണ്ടിരുന്നതെന്നും എന്നാൽ അത് ആരോഗ്യ വകുപ്പാണ് നടത്തേണ്ടതെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിക്കുകയും അതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ വിഹിതം കുറയ്ക്കുകയും കാരുണ്യ പദ്ധതിക്ക് 54 കോടി രൂപ അധികമായി അനുവദിക്കുകയും ചെയ്തുവെന്നും 2023-24-ലെ ബഡ്ജറ്റിൽ ഒരുലക്ഷം രൂപ മാത്രമാണ് ടോക്കൺ പ്രൊവിഷനായി കെ.എസ്.എസ്.എം.-ന് ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നതെന്നും സാമൂഹ്യപ്രതിബദ്ധതയുള്ള വിഷയമായതിനാൽ സാമൂഹ്യനീതി വകുപ്പുതന്നെയാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തേണ്ടതെന്നും KSSM എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. അപേക്ഷ ലഭിക്കുന്നതിനനുസരിച്ച്

സീനിയോറിറ്റി കണക്കാക്കിയാണ് കോക്ലിയർ ഇംപ്ലാന്റേഷൻ അനുകൂല്യം നൽകുന്നതെന്ന് ബഹു. സാമൂഹ്യനീതിയും ഉന്നതവിദ്യാഭ്യാസവും വകുപ്പുമന്ത്രി അറിയിച്ചു. ശ്രുതിതരംഗം പദ്ധതി ഏത് വകുപ്പാണ് നടപ്പാക്കേണ്ടതെന്നുള്ളതിൽ വ്യക്തത വരുത്തേണ്ടതാണെണെന്നും ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് വകുപ്പുമന്ത്രിതന്നെ ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

4235-02-102-88—<u>ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെ നിർമ്മാണം</u>

കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പ്രാരംഭ പരിശോധനയിൽ തന്നെ കണ്ടെത്താനും ഇടപെടൽ നടത്താനും ഉദ്ദേശിച്ച് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിച്ചുവരുന്നുണ്ടെന്നും മരാമത്ത് പണികൾക്കായി 5 സെന്ററുകൾക്കുകൂടി പണം അനുവദിക്കുവാനുള്ളതിനാൽ അധിക തുക അനുവദിക്കണമെന്നും സാമൂഹ്യനീതി വനിതാശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-104-89—<u>അനാഥാലയ നിയന്ത്രണ ബോർഡ് -സഹായധനം-ശമ്പളം</u>

ഓർഫണേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, ബോർഡ് അംഗങ്ങൾക്കും കൗൺസലർമാർക്കും ഓണറേറിയം, യാത്രാബത്ത, സിറ്റിംഗ് ഫീസ്, എന്നിവ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2235-02-104-89-(31) എന്ന ശീർഷകത്തിൽ 85.81 ലക്ഷം രൂപയും 2235-02-104-89-(36) എന്ന ശീർഷകത്തിൽ 13.98 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 99.79 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-101-89—<u>ഭിന്നശേഷിക്കാരുടെക്ഷേമം - ഭിന്നശേഷിക്കാർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം</u>

ശാരീരിക വൈകല്യമുള്ളവരുടെ Voluntary Organisations-ന് നൽകുന്ന Grant in Aid ആണിതെന്നും ജില്ലാ പഞ്ചായത്തുകൾക്ക് നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 75.60 ലക്ഷം രൂപ അധികമായി അനുവദിക്കണ മെന്നും സാമൂഹ്യനീതി വനിത-ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ജില്ലാ പഞ്ചായത്തുകൾക്ക് പണം നൽകുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് സമിതി ആരാഞ്ഞതിന് ജില്ലാ പഞ്ചായത്തുകൾക്കുള്ള വിഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർ പരിശോധനാ വിധേയമാക്കിയതിനുശേഷം തയ്യാറാക്കുന്ന ഡിമാന്റ് അനുസരിച്ചാണ് നൽകുന്നതെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മറുപടി നൽകി.

മുൻകാലങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ ഭരണസമിതി അപ്രൂവ് ചെയ്ത് തുക അനുവദിക്കുന്ന സംവിധാനമുണ്ടായിരുന്നുവെന്നും എന്നാൽ അഞ്ച് വർഷമായി അത്തരത്തിലൊരു സംവിധാനമില്ലെന്നാണ് മനസ്സിലാക്കുന്നതെന്നും ഡിമാന്റനുസരിച്ച് നൽകുന്ന രീതിയായാൽ ഒരു ജില്ലയിൽനിന്ന് ഡിമാന്റ് വന്നില്ലെങ്കിൽ അവിടെ പണം ലഭിക്കാതെ വരുമെന്നും പണം നൽകുമ്പോൾ തുല്യമായി നൽകുന്നതിന് മാനദണ്ഡം നിശ്ചയിക്കേണ്ടത് അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. അക്കാര്യത്തെക്കുറിച്ച് പരിശോധിക്കാമെന്ന് സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ഈ ശീർഷകത്തിൽ 75.60 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-104-97—<u>സംരക്ഷണ കേന്ദ്രങ്ങൾ</u>

സംരക്ഷണകേന്ദ്രങ്ങളിലെ അന്തേവാസികൾക്കുള്ള മുഴുവൻ ഗ്രാന്റും കൊടുത്തുതീർക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 17.36 ലക്ഷം രൂപയും മുനിസിപ്പാലിറ്റി ശീർഷകത്തിൽ 10.75 ലക്ഷം രൂപയും കോർപ്പറേഷൻ ശീർഷകത്തിൽ 12.44 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 40.55 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-107-98-(36)—<u>സന്നദ്ധ സംഘടനകൾക്കുള്ള സഹായം-സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ-സഹായധനം-ശമ്പളേതരം</u>

2023-24 സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്ക് ഗ്രാന്റ് പൂർണ്ണമായും നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സാമൂഹ്യനീതി വനിതാശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

പഞ്ചായത്ത് തുടങ്ങി വിവിധ തലങ്ങളിലായി വയോജനങ്ങൾക്കുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും വകുപ്പിന് അവ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനമുണ്ടോയെന്നത് സംശയമാണെന്നും വയോജനങ്ങളുടെ ക്ഷേമത്തിനായി നിലവിലുള്ള വിവിധ സ്കീമുകൾ സംയോജിപ്പിച്ച് ഒരു സമഗ്ര പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അടുത്ത 10 വർഷത്തെ ഡെമോഗ്രാഫിക് പാറ്റേൺ മാറിവരുമെന്നാണ് അനുമാനിക്കുന്നതെന്നും അതുകൊണ്ടുതന്നെ സമഗ്രമായ പദ്ധതികൾ തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മറുപടി നൽകി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും അത് മുഴുവനും ഏകീകൃതമായി മോണിറ്റർ ചെയ്യാൻ സാധ്യവുമല്ലെന്നും സാമൂഹ്യനീതി വകുപ്പിന് ജില്ലാതലം വരെ മാത്രമേ ഉദ്യോഗസ്ഥ സംവിധാനമുള്ളൂ എന്നതിനാൽ സമഗ്ര പദ്ധതി എന്നത് പ്രായോഗികമാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുമെന്നും സാമൂഹ്യനീതിയും ഉന്നതവിദ്യാഭ്യാസവും വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. അതിന്റെ സാധ്യത സംബന്ധിച്ച് ആലോചിച്ച് നടപടി സ്വീകരിക്കാമെന്ന് സാമൂഹ്യനീതി വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഈ ശീർഷകത്തിൽ 1.9461 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-800-98—<u>മിശ്രവിവാഹങ്ങൾ</u>

മിശ്രവിവാഹിതർക്ക് ഒറ്റത്തവണ ധനസഹായമായി 30,000 രൂപ നൽകിവരുന്ന ഈ പദ്ധതിയുടെ കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സാമൂഹ്യനീതി വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. കഴിഞ്ഞ വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം മുഴുവനും ചെലവഴിച്ചുവെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മറുപടി നൽകി. ഈ ശീർഷകത്തിൽ 9.579 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-101-85—<u>ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്</u>

NISH-ന്റെ ഹോസ്റ്റലിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ടെന്ന പരാതി ലഭിക്കുന്നുണ്ടെന്നും അതുസംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

NISH-ലെ വിദ്യാർത്ഥികൾക്ക് നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലെന്നും ഒരു വർഷം ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയെങ്കിലും അധിക സാമ്പത്തിക ബാധ്യതയുണ്ടായതിനാൽ അത് നിർത്തലാക്കുകയും സമീപമുള്ള പേയിംഗ് ഗസ്റ്റ് സൗകര്യം ഉപയോഗിക്കണമെന്ന് വിദ്യാർത്ഥികൾക്ക് നോട്ടീസ് നൽകുകയും

ചെയ്തിട്ടുണ്ടെന്നും കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യമില്ലെന്നും സ്ഥലം ലഭിക്കുകയാണെങ്കിൽ കാമ്പസിനകത്തുതന്നെ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം കൂടുതൽ കോഴ്സുകളും ആരംഭിക്കാൻ സാധിക്കുമെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചു.

കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിനും NISH-നെ യൂണിവേഴ്സിറ്റിയായി ഉയർത്തുന്നതിനുമുള്ള ശ്രമം നടത്തുന്നുണ്ടെന്ന് സമിതി അറിയിച്ചു. ഈ സ്ഥാപനത്തിൽ പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണത്തിനുള്ള ലാൻഡ് ഡെവലപ്മെന്റ് വർക്കിനും കൺസൾട്ടൻസി ചാർജിനും കൂടാതെ NIPMR ഏർലി ഇന്റർവെൻഷൻ സെന്റർ ആരംഭിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5.7329 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

കോർപ്പറേഷന്റെ ഭരണചെലവുകൾക്ക് പ്രതിവർഷം 1.5 കോടിയോളം രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**വനിത ശിശു വികസന വകുപ്പ്**

2235-02-102-36(02)—ഒ. ആർ. സി. ഉൾപ്പെടെയുള്ള നൂതന പദ്ധതികൾ- കാവൽ, കരുതൽ, ശരണബാല്യം, ഭദ്രം, മാർഗ്ഗജ്യോതി

സംസ്ഥാനത്ത് കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ മുൻകൂട്ടി കണ്ടെത്തി സുരക്ഷ ഒരുക്കുക, അതിക്രമസാധ്യത മുൻകൂട്ടി കണ്ടെത്തി പ്രതിരോധത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക, 18 വയസ്സ് പൂർത്തിയായി സ്ഥാപനങ്ങളിൽ നിന്നും പുറത്താവുകയും എന്നാൽ ആഫ്റ്റർ കെയർ ഹോമിൽ ഉൾപ്പെടാത്തതുമായ 25% പേർക്ക് അവർ പഠിക്കുന്ന കോഴ്സ് പൂർത്തിയാക്കുന്നതു വരെയുള്ള സാമ്പത്തിക സഹായം നൽകുക, വിജ്ഞാന ദീപ്തി എന്ന പദ്ധതിയിൽ സ്പോൺസർഷിപ്പ് തുക അനുവദിക്കുക, തുടങ്ങിയ പദ്ധതികൾ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-103-80—ജെൻഡർ പാർക്ക്

കോഴിക്കോട്ടുള്ള ജെൻഡർ പാർക്ക് ക്യാമ്പസ്സിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ കുടിശ്ശിക നൽകുന്നതിനായും, ഭരണപരമായ ചെലവുകൾക്കും, വനിതകളുടെ നൈപുണ്യവികസനം, സംരഭകത്വവികസനം, ലിംഗസമത്വം എന്നിവ ലക്ഷ്യം വച്ചുകൊണ്ടുള്ള പരിപാടികൾക്കും, ജെൻഡർ ഹെറിട്ടേജ് മ്യൂസിയത്തെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ജെൻഡർ ജ്യൂറിസ്പ്രൂഡെൻസ് കേന്ദ്രം, ജെൻഡർ ലൈബ്രറി, ഡോക്യുമെന്റേഷൻ സെന്റർ എന്നിവയുടെ വികസനത്തിനും, ജെൻഡർ ഡേറ്റാ ഹബ്ബിനും, വകുപ്പിന് സഹായകരമായ ഗവേഷണവും പഠനവും നടത്തുന്ന സ്ഥാപനമായി ജെൻഡർ പാർക്കിനെ വികസിപ്പിക്കുന്നതിനും കലാസാംസ്കാരിക പ്രവർത്തനങ്ങൾ, ലിംഗ അവബോധ പ്രവർത്തനങ്ങൾ എന്നിവയ്ക്കും നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 9.6892 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-103-57—അക്രമങ്ങളിൽ നിന്നും രക്ഷപ്പെട്ടവർക്കുള്ള ആശ്വാസ നിധി

ലൈംഗിക കുറ്റകൃത്യങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ഗാർഹിക ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും 50,000 മുതൽ 2 ലക്ഷം രൂപ വരെ അടിയന്തര ആശ്വാസം നൽകുന്ന ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും അതിക്രമങ്ങൾ നേരിട്ടശേഷം ധനസഹായം നൽകുന്നതിനുപകരം അവ തടയുന്നതിനുള്ള നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് അഭിപ്രായപ്പെടുകയും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72-11—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-സ്നേഹപൂർവ്വം

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2021-22 അധ്യയന വർഷം മുതലുള്ള കുടിശ്ശികയും പുതിയ അപേക്ഷകർക്കുള്ള സഹായവും നൽകുന്നതിന് കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 34 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72-21—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി -പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി- മിഠായി

ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യസുരക്ഷാ മിഷൻ ആവിഷ്കരിച്ച ബൃഹദ്പദ്ധതിയായ മിഠായിയിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടു. എതു പ്രായം വരെയുള്ള കുട്ടികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതെന്നും പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ടെന്നും സമിതി ആരാഞ്ഞതിന് 18 വയസ്സുവരെയുള്ള കുട്ടികൾക്കാണ് പദ്ധതിയുടെ ഗുണം ലഭിക്കുന്നതെന്നും 2000 അപേക്ഷകൾ ലഭിച്ചതിൽ 1250 എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും 750- ഓളം അപേക്ഷകളിൽ തിരുത്തൽ വരുത്താനുണ്ടെന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി.

ഒരു വ്യക്തിയുടെ ജീവിതകാലം മുഴുവൻ അദ്ദേഹത്തോടൊപ്പമുള്ള ഈ രോഗത്തിന് ആവശ്യമായ ധനസഹായം നൽകുക എന്നത് സാധ്യമല്ലെങ്കിലും 21 വയസ്സുവരെയുള്ള കുട്ടികളെയെങ്കിലും ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. അങ്ങനെ വരുമ്പോൾ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുമെന്നും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാമെന്നും സാമൂഹ്യനീതി വനിത-ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. മിഠായി പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനഭ്യർത്ഥന വഴിയോ വകയിരുത്തണമന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-001-90—വനിതാ ശിശുവികസന ഡയറക്ടറാഫീസ്

വനിതാ ശിശു വികസന ഡയറക്ടറേറ്റിലെ ഭരണപരമായ ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സാമൂഹ്യനീതി & വനിത-ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. വനിത-ശിശു വികസന വകുപ്പിന്റെ ഓഫീസുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടെന്നും മുമ്പ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ കേന്ദ്ര സർക്കാരിന്റെ ഫണ്ടിൽനിന്നാണ് വഹിച്ചിരുന്നതെങ്കിലും നിലവിൽ അത് മതിയാകാതെ വരുന്ന സാഹചര്യത്തിലാണ് അധികമായി തുക ആവശ്യപ്പെടുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

കേന്ദ്ര സർക്കാരിൽനിന്ന് ഇപ്പോൾ തുക ലഭിക്കുന്നില്ലേ എന്ന് സമിതി ആരാഞ്ഞതിന് 1975-ൽ ഈ സ്കീം ആരംഭിച്ചതുമുതൽ എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലെ തുക കേന്ദ്ര ഗവൺമെന്റാണ് അനുവദിച്ചിരുന്നതെന്നും കാലാകാലങ്ങളായി കേന്ദ്രഗവൺമെന്റ് തസ്തികകളുടെ എണ്ണം വെട്ടിക്കുറച്ചപ്പോഴും സംസ്ഥാനത്ത് ആ തസ്തികകൾ തുടരുന്നുണ്ടായിരുന്നുവെന്നും പി.എഫ്.എം.എസ്. നിലവിൽ വന്നതുകൊണ്ട് ഇനി മുതൽ 252 സ്ഥിരം ജീവനക്കാരുടെ ശമ്പളമടക്കം പ്ലാൻ ഹെഡ്ഡിൽനിന്ന് ചെലവഴിക്കാൻ സാധിക്കാത്തതിനാൽ നോൺ പ്ലാനിൽനിന്ന് വഹിക്കേണ്ടതായി വരുമെന്നും കാലതാമസം വരുന്നുണ്ടെങ്കിലും ഫണ്ട് ലഭിക്കുന്നുണ്ടെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, മറുപടി നൽകി.

ഈ ശീർഷകത്തിൽ 12.0282 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ധനസഹായം

വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ അർഹതയുള്ള എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം

കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പാക്കിയിരുന്ന സോഷ്യൽ വെൽഫയർ ബോർഡ് സ്കീം കഴിഞ്ഞ വർഷം അവസാനിപ്പിച്ചതിനെത്തുടർന്ന് ജീവനക്കാരെ മറ്റ് സ്കീമുകളിലേക്ക് പുനർവിന്യസിക്കാൻ നിർദ്ദേശം നൽകിയിരുന്നുവെന്നും അതനുസരിച്ച് ബോർഡിന്റെ ആസ്തി ബാധ്യതകൾ ജീവനക്കാരുടെ പുനർവിന്യാസം എന്നിവയെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് പരിശോധിച്ച ശേഷം ഈ സ്കീം തുടർന്നുപോകാനാകുമോയെന്ന് ആലോചിക്കാമെന്നും ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 94.31 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമൂഹ്യനീതി-വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ബോർഡിന്റെ ഭരണ ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി 2022-23 വർഷത്തേയ്ക്ക് ബോർഡിന്റെ ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 1,30,99,012 രൂപയും കുടിശ്ശിക ഇനത്തിൽ 59,52,225/-രൂപയും സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 94.31 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-104-99—ശ്രീ ചിത്രാ ഹോം സഹായധനം

ശ്രീചിത്രാ ഹോം ജീവനക്കാർക്ക് 2023-24 സാമ്പത്തിക വർഷം പേറിവിഷൻ അനുവദിച്ച് ശമ്പളം നൽകുന്നതിനും, ശ്രീചിത്രാ ഹോമിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, കുമാരപുരത്തുള്ള 1 ഏക്കർ ഭൂമിയിൽ രോഗീ സൗഹൃദ ഷോർട്ട് സ്റ്റേ കെട്ടിടം, മാതൃശിശു പുനരധിവാസ ഷോർട്ട് സ്റ്റേ, മുതിർന്ന പെൺകുട്ടികൾക്കുള്ള ആഫ്റ്റർ കെയർ ഹോം, അപ്പാരൽ തൊഴിൽ യൂണിറ്റ് എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കും കുട്ടികളുടെ വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 2235-02-104-99-31 എന്ന ശീർഷകത്തിൽ 36 ലക്ഷം രൂപയും 2235-02-104-99-35 എന്ന ശീർഷകത്തിൽ 60 കോടി രൂപയും 2235-02-104-99-36 എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 60.96 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-190-99—കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ

സംസ്ഥാനത്തെ വനിതാ സംരംഭകരുടെയും ഇന്നോവേറ്റേഴ്സിന്റെയും പാർക്ക് സ്ഥാപിക്കുന്നതിന് ഈ ശീർഷകത്തിൽ 2.3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-89—വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

നേഴ്സുമാർ, പാരാമെഡിക്കുകൾ, ഫാർമസിസ്റ്റുകൾ, ഐ.ടി/ബാങ്കിംഗ് പ്രൊഫഷണലുകൾ തുടങ്ങി വിദഗ്ധരായ വനിതാ തൊഴിലാളികൾക്ക് വിദേശത്ത് ഒരു ഗ്ലോബൽ കരിയർ ഫെയർ സംഘടിപ്പിക്കുന്നതിനും, റിസേർച്ച് സാറ്റലൈറ്റ് സെന്റർ സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-90 (02)—സ്ത്രീശാക്തീകരണത്തിനുള്ള സുപ്രധാനപരിപാടി -കേരള വനിതാ വികസന കോർപ്പറേഷൻ

ഓൺഗോയിംഗ് പ്രോഗ്രാമിന്റെ ചെലവുകൾക്കുള്ള ഹെഡ്ഡിൽ സ്ത്രീസംരംഭകത്വം വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾക്കുവേണ്ടി ഒരു ഗാല പാർക്ക് സ്ഥാപിക്കുന്നതിനും ഫിനിഷിംഗ് സ്കൂൾ ഹെഡ്ഡിൽ നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ, ഫാർമസിസ്റ്റുകൾ, ഐ.ടി./ബാങ്കിംഗ് പ്രൊഫഷണലുകൾ തുടങ്ങി വിദഗ്ദ്ധരായ വനിതാ തൊഴിലാളികൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിലവസരത്തിനുവേണ്ടി ODEPC-യുമായി സഹകരിച്ച് ഗ്ലോബൽ ഫെയർ സംഘടിപ്പിക്കുന്നതിനും ജെൻഡർ അവയർനെസ് ഹെഡ്ഡിൽ വനിതകളുടെ ശാക്തീകരണത്തിനായി Future Women Leaders programme 60 പി.ജി. വിദ്യാർത്ഥികളിൽ പൈലറ്റ് ചെയ്ത് നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നതെന്നും അതിനായി അധിക തുക ആവശ്യമാണെന്നും സാമൂഹ്യനീതി വനിതാശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

വനിതാ വികസന കോർപ്പറേഷന്റെ വിവിധ ഹെഡ്ഡിലുള്ള സ്കീമുകൾ എകോപിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുകയും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**പൊതുഭരണ വകുപ്പ്**

2235-02-001-87-31—മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം

കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പളം, മറ്റ് അലവൻസുകൾ, ആർജ്ജിത അവധി ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.0855 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം-(പ്ലാൻ)

മംഗല്യ സമുന്നതി പദ്ധതിക്കും ഭവനസമുന്നതിക്കുമാണ് അധിക തുക ആവശ്യപ്പെട്ടിട്ടുള്ളതെന്നും മുന്നാക്ക സമുദായങ്ങളിലെ ജീർണ്ണിച്ച അഗ്രഹാരങ്ങളുടെ പുനരുദ്ധാരണത്തിന് മാത്രമായി പരിമിതപ്പെടുത്തിയിരുന്ന ഭവന സമുന്നതി പദ്ധതി ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിൻപ്രകാരം EWS- ൽ ഉൾപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കും

ലഭ്യമാകത്തക്കവിധം ക്രമീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി അധികതുക ആവശ്യമാണെന്നും പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. മംഗല്യ സമുന്നതി പദ്ധതിക്ക് 3 കോടി രൂപയും ഭവനപുനരുദ്ധാരണ പദ്ധതിക്കായി 8 കോടി രൂപയും ഉൾപ്പെടെ ആകെ 11 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം (നോൺ പ്ലാൻ)

കേരള സംസ്ഥാന മുന്നാക്കസമുദായക്ഷേമ കോർപ്പറേഷനിൽ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നിലവിൽ വന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

കോർപ്പറേഷന്റെ ഓഫീസുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടോ യെന്നും സംസ്ഥാനത്തെ മുന്നാക്ക ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്നും സമിതി ആരാഞ്ഞു.

മുന്നോക്ക സമുദായ കോർപ്പറേഷന് നിലവിൽ ഹെഡ് ഓഫീസ് മാത്രമാണുള്ള തെന്നും 2012-ൽ ആരംഭിച്ച കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ 19 സ്റ്റാഫു കളാണുള്ളതെന്നും റീജിയണൽ ഓഫീസിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

സംസ്ഥാന വ്യാപകമായി ലഭിക്കുന്ന അപേക്ഷകളിൽനിന്ന് ഏറ്റവും കുറഞ്ഞ വരുമാനമുള്ളവർക്ക് മുൻഗണന നൽകി 33.5 ലക്ഷം രൂപയുടെ ധനസഹായം നടപ്പുസാമ്പത്തിക വർഷം നൽകിയിട്ടുണ്ടെന്നും 14 ജില്ലകളിലും ഇൻസ്പെക്ഷൻ നടത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെന്നും മാനേജിംഗ് ഡയറക്ടർ വിശദമാക്കി.

കേന്ദ്ര ധനകാര്യ കോർപ്പറേഷനിൽനിന്ന് മുന്നാക്ക സമുദായ കോർപ്പറേഷന് ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ കൃത്യമായ ഇടപെടലുകൾ നടത്തണമെന്നും കൂടുതൽ ഓഫീസുകൾ ആരംഭിക്കാനും വരുമാനം വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

അടുത്ത ബോർഡ് യോഗത്തിൽ ഈ വിഷയങ്ങൾ അവതരിപ്പിച്ച് തുടർനടപടി സ്വീകരിക്കാമെന്ന് പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**സൈനികക്ഷേമ വകുപ്പ്**

2235-60-200-77—വിമുക്ത ഭടൻമാർക്കും വിധവകൾക്കും വേണ്ടിയുള്ള പരിശീലനം (പ്ലാൻ)

ജില്ലാ സൈനികക്ഷേമ ഓഫീസുകളിൽ പലതിലും ഇപ്പോഴും കമ്പ്യൂട്ടറൈസേഷൻ നടന്നിട്ടില്ലെന്നും കൂടാതെ ടി ഓഫീസുകളിൽ നിലവിൽ ഉപയോഗിച്ചുവരുന്നത് ആറേഴ് വർഷം പഴക്കമുള്ള കമ്പ്യൂട്ടറുകളായതിനാൽ അപ്ഗ്രഡേഷനും സാധ്യമല്ലെന്നും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനാണ് അധിക തുക ആവശ്യപ്പെടുന്നതെന്നും പൊതുഭരണ വകുപ്പ് & സൈനിക ക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-85—സൈനികകേന്ദ്രം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണിക്കും രാജ്യ സൈനിക ബോർഡിന് സഹായം

കൊല്ലം തേവള്ളിയിൽ സൈനിക റെസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.1010 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-71—ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം-ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുകയായ 12.97 കോടി രൂപയിൽ 6 കോടി 47 ലക്ഷം രൂപ സർക്കാരിൽ നിന്നും നാളിതുവരെയും ലഭിച്ചിട്ടില്ലെന്നും വിമുക്തഭടന്മാരുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്നും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ അറിയിച്ചു. വരുംവർഷങ്ങളിൽ ജയ് ജവാൻ ലോട്ടറി പുനരാരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകുകയും ഈ ശീർഷകത്തിൽ 6.47 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-61—<u>ഇന്ത്യൻ മിലിറ്ററി/ ഓഫീസേഴ്സ് ട്രെയിനിംഗ് /എയർ ഫോഴ്സ് / നേവൽ അക്കാഡമി,ആംഡ് ഫോഴ്സസ് മെഡിക്കൽ കോളേജ് ആന്റ് ആർമി ട്രെയിനിംഗ് സ്കൂൾസ് എന്നിവയിൽ നിന്നും പാസ്സ് ഔട്ട് ആയി വരുന്ന കേരളത്തിൽനിന്നുള്ളകേഡറ്റ്സിന് ഒറ്റത്തവണ സ്കോളർഷിപ്പ്</u>

ഇന്ത്യൻ ആർമി/നേവി/എയർഫോഴ്സുകളിലേക്ക് കേരളത്തിൽ നിന്ന് Commissioned Officers ആയി രാജ്യസേവനത്തിന് പോകുന്നവർക്ക് പ്രോത്സാഹന മായി 2 ലക്ഷം രൂപ വീതം ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണിത്. മുൻ വർഷം ലഭ്യമായ 70 അപേക്ഷകളിന്മേലും നടപ്പു സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന അപേക്ഷകൾക്കും ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്നും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ അറിയിച്ചു. ഈ ശീർഷകത്തിൽ 2.4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഉച്ചയ്ക്ക് 12.00 മണിക്ക് യോഗം അവസാനിച്ചു.

# പതിനഞ്ചാം കേരളനിയമസഭ

## സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## 22-2-2023- ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII- ന്റെ ഒരു യോഗം 2022 ഫെബ്രുവരി മാസം 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 ന് നിയമസഭാ സമുച്ചയത്തിലെ 4 'എ' സമ്മേളന ഹാളിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണൻ വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ ബിന്ദു നേരിട്ടും ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് പ്രത്യേക ക്ഷണിതാവായി വീഡിയോ കോൺഫറൻസ് മുഖേനയും യോഗത്തിൽ പങ്കെടുത്തു. താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ആൻസലൻ, എം. എൽ.എ.
2. ശ്രീമതി ശാന്തകുമാരി കെ. എം., എൽ. എ.

വിഡിയോ കേൺഫറൻസ് മുഖേന പങ്കെടുത്ത അംഗം

ശ്രീ. സി. സി. മുകുന്ദൻ, എം. എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XXV, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XLVI എന്നിവയുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 2.50 -ന് യോഗം അവസാനിച്ചു.